# സഹോദര സംഘം

## അദ്ധ്യായം ഒന്ന്
# സഹോദര സംഘത്തിന്റെ കടമകൾ

## I
## ത്യജനങ്ങൾ

1. ആര് എന്റെ ശിക്ഷ്യന്മാരാകാൻ ആഗ്രഹിക്കുന്നുവോ അവർ സ്വന്തം കുടുംബവുമായി നേരിട്ടുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കുവാൻ തയ്യാറാകണം. തുടർന്ന് സാമൂഹികജീവിതം ധനസമ്പാദനത്തിനുള്ള ആഗ്രഹം തുടങ്ങിയവയിൽ നിന്നും മോചനം നേടണം.

ആരാണോ ബൗദ്ധധർമ്മത്തിനുവേണ്ടി അത്തരം ത്യാഗങ്ങൾ നടത്തുകയും ആർക്കാണോഈ ലോകത്തിൽ ശാരീരികമായും മാനസികമായും ഒരിടവുമില്ലാതിരിക്കുകയും ചെയ്യുന്നത് അയാളെ എന്റെ ശിഷ്യനെന്നും ഭിക്ഷുവെന്നും വിളിക്കണം.

അയാളുടെ കാലുകൾ എന്റെ പാദമുദ്രകളിലും അയാളുടെ കൈകൾ എന്റെ വസ്ത്രങ്ങളിലാണെങ്കിൽ പോലും, അയാളുടെ മനസ്സ് അത്യാഗ്രഹത്താൽ ചഞ്ചലമാണെങ്കിൽ എന്നിൽ നിന്നും വളരെ ദൂരെയായിരിക്കും.

പക്ഷെ അയാളുടെ മനസ്സ് അത്യാഗ്രഹത്തിൽ നിന്ന് വിമുക്തവും ശുദ്ധവും ശാന്തവുമാണെങ്കിൽ, ഞാൻ ആയിരക്കണക്കിന് മൈലുകൾക്ക് അപ്പുറമാണെങ്കിൽ കൂടി അവൻ എന്നോട് വളരെ അടുത്തായിരിക്കുകയും, അവൻ ധർമ്മം സ്വീകരിക്കുകയാണെങ്കിൽ ധർമ്മത്തിലൂടെ അവൻ എന്നെ കാണുകയും ചെയ്യും.

2. എന്റെ ശിഷ്യന്മാരായ ഭിക്ഷുക്കൾ നാല് നിയമങ്ങളെയും കീഴ്വഴക്കങ്ങളെയുമാധാരമാക്കി തങ്ങളുടെ ജീവിതം കെട്ടിപ്പടുക്കണം.

ആദ്യമായി, അവർ പഴയതും ദാനമായി കിട്ടിയ വസ്ത്രങ്ങളും ധരിക്കുവാൻ തയ്യാറാകണം; രണ്ടാമതായി, അവർ ഭക്ഷണം ഭിക്ഷയെടുത്ത് കഴിക്കണം; മൂന്നാമതായി, അവരുടെ വീട് എവിടെ അവർ രാത്രിയിൽ എത്തിച്ചേരുന്നു എന്നതിനെ ആശ്രയിച്ചിരിക്കണം, അത് മരച്ചുവട്ടിലോ പാറമേലോ ആകാം. നാലാമതായി, അവർ സംഘത്തിലുള്ളവരുടെ മൂത്രത്തിൽ നിന്ന് ഉണ്ടാക്കിയ പ്രത്യേക മരുന്നുകൾ മാത്രം ഉപയോഗിക്കണം.

ഒരു പിച്ചപാത്രവുമെടുത്തുകൊണ്ട് ഭിക്ഷക്ക് പോകുന്നത് ഒരു പിച്ചക്കാരന്റെ ജോലിയാണ്, എന്നാൽ സംഘാംഗമായ ഒരു സഹോദരൻ ആരുടേയും പ്രേരണക്കു വഴങ്ങിയല്ല അത്തരം പ്രവൃത്തിയിൽ ഏർപ്പെടുന്നത്, അല്ലെങ്കിൽ സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടല്ല അത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നത്; പ്രത്യുത, അവൻ അതുചെയ്യുന്നത് അവന്റെ സ്വന്തം അഭിപ്രായപ്രകാരവും തികഞ്ഞ സന്മനസ്സോടും കൂടിയുമാണ്, എന്തെന്നാൽ വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം അവനെ ജീവിതത്തിന്റെ മായികാവലയങ്ങളിൽ നിന്ന് മാറിനിൽക്കുവാനും ദുഃഖത്തിൽ നിന്ന് മോചനം നേടുവാനും നിർവ്വാണത്തിലേക്കുള്ള യാത്ര സുഗമമാക്കുവാൻ സാധിക്കുമെന്ന വിശ്വാസവുംകൊണ്ടാണ്.

ഒരു ഭിക്ഷുവിന്റെ ജീവിതം അത്ര സുഗമമായതല്ല. ഒരുവന് അവന്റെ മനസ്സിനെ അത്യാഗ്രഹങ്ങളിൽ നിന്നും ദേഷ്യത്തിൽ നിന്നും മുക്തനാകാൻ സാധിക്കാതിരിക്കുകയോ പഞ്ചേന്ദ്രിയങ്ങളുടെ മേൽ നിയന്ത്രണം നേടാതിരിക്കാൻ സാധിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അവൻ ഒരിക്കലും അങ്ങനെയൊരു ജീവിതം തിരഞ്ഞെടുക്കുവാൻ തയ്യാറാകരുത്.

3. ഒരു ഭിക്ഷുവിന്റെ ജീവിതം അവനിൽ തന്നെ വിശ്വാസമർപ്പിച്ചവനാണെങ്കിൽ അവന് അതിനെപ്പറ്റി ചോദിച്ചാൽ മറുപടി പറയുവാൻ സാധിക്കും. ആ മറുപടി ഇത്തരത്തിലായിരിക്കുകയും ചെയ്യണം.

‘‘ ഞാൻ ഒരു ഭിക്ഷുവായി തീരുവാൻ അത്യാവശ്യമായ കാര്യങ്ങൾ ചെയ്യാൻ തയ്യാറാണ്.

ഞാനതിനോട് ആത്മാർത്ഥത പുലർത്തുന്നതിനോടൊപ്പം, അതു സാധിക്കുന്നതിനത്യാവശ്യമായ കാര്യങ്ങൾ മുറക്ക് ചെയ്യുവാൻ ശീലിക്കും. ഞാൻ ആര് ആ ഉദ്യമത്തിൽ ധനം തന്ന് സാഹയിക്കുന്നുവോ, അവരെ സന്തോഷിപ്പിക്കും വിധം എന്നാൽ സാധിക്കുന്ന വിധം ഏല്പിച്ചിരിക്കുന്ന കർത്തവ്യങ്ങൾ മുറക്ക് നല്ല രീതിയിൽ നിർവ്വഹിക്കും. ''

ഒരു ഭിക്ഷുവാകുന്നതിനുവേണ്ടി ഒരുവൻ വിവിധ തരത്തിൽ പരിശീലനങ്ങൾ ചെയ്യണം. അയാൾ പരാജയപ്പെടുമ്പോഴുണ്ടാകാവുന്ന നാണക്കേടിനെപ്പറ്റിയും അപമാനത്തെപ്പറ്റിയും ബോധവാനായിരിക്കണം; അവൻ അവന്റെ ശരീരവും മനസ്സും ശുദ്ധവും സംസാരം വിവേകപൂർണ്ണവുമാക്കി തീർക്കണം; അയാൾ അയാളുടെ പഞ്ചേന്ദ്രിയങ്ങളുടെമേൽ കർക്കശമായ നിയന്ത്രണം ഉണ്ടാക്കിയെടുക്കണം; അയാൾ ഒരിക്കലും നൈമിഷികമായി കിട്ടിയേക്കാവുന്ന സുഖത്തിനു പിന്നാലെ പോകാതിരിക്കുവാൻ ശ്രമിക്കണം; ആയാൾ സ്വയം പ്രശംസിക്കുകയോ, മറ്റുള്ളവരെ കുറ്റപ്പെടുത്തുകയോ ചെയ്യാതിരിക്കുവാൻ ശ്രമിക്കണം; മാത്രമല്ല അയാൾ മടിയനോ ദീർഘനേരം ഉറങ്ങുന്നവനോ ആയിരിക്കരുത്.

വൈകുന്നേരങ്ങളിൽ അയാൾക്ക് കുറച്ചുനേരം ധ്യാനത്തിലിരിക്കുവാനും അതിനുശേഷം ഉറങ്ങുന്നതിനുമുമ്പ് സ്വച്ഛമായി കുറച്ചു നടക്കുവാനും ശീലിക്കണം. ശാന്തമായ ഉറക്കത്തിന് അയാൾ വലതു ചെരിഞ്ഞ് കാലുകൾകൂട്ടി കിടക്കുകയും അയാളുടെ അവസാന ചിന്ത എപ്പോൾ രാവിലെ എഴുന്നേല്ക്കണം എന്നതിനെക്കുറിച്ചുമായിരിക്കണം. അതിരാവിലെ അയാൾ ധ്യാനത്തിലിരിക്കുവാനും അതിനുശേഷം കുറച്ച് നടക്കുവാനും ശ്രദ്ധിക്കണം.

പകൽ നേരങ്ങളിൽ അയാൾ നിരീക്ഷണ ബുദ്ധിയോടെ കാര്യങ്ങൾ ചെയ്യുകയും മനസ്സിനെയും ശരീരത്തെയും നിയന്ത്രണ വിധേയമാക്കി നിർത്തുകയും ചെയ്യണം. അത്യാഗ്രഹം, ദേഷ്യം, വിഡ്ഢിത്തരം, മന്ദത, ശ്രദ്ധയില്ലായ്മ, ഉറക്കം, സംശയം തുടങ്ങിയ കാര്യങ്ങളും അവയുണ്ടാക്കുന്ന ലൗകികചിന്തകളുടെമേലും നിയന്ത്രണം കൊണ്ടുവരണം.

അങ്ങനെ ഏകാഗ്രത സിദ്ധിച്ച മനസ്സോടെ അയാൾ ശരിയായ പ്രജ്ഞ ഉണ്ടാക്കിയെടുക്കുകയും പൂർണ്ണമായ നിർവ്വാണം സിദ്ധിക്കുന്നതിനെകുറിച്ച് മാത്രം ലക്ഷ്യമിടുകയും ചെയ്യണം.

4. ഭിക്ഷുവായി തീർന്ന ഒരുവൻ തന്നെത്തന്നെ മറന്ന് അത്യാഗ്രഹം, ദേഷ്യം, നഷ്ടബോധം, അസൂയ, നുണ, ആത്മപ്രശംസ, അല്ലെങ്കിൽ ആത്മാർത്ഥതയില്ലായ്മ എന്നീ കാര്യങ്ങളിൽ മുഴുകുവാൻ ശ്രമിക്കുകയാണെങ്കിൽ, അയാൾ രണ്ടുതലയുള്ള ഒരു വാൾ ഒരു നേരിയതോർത്തിൽ ചുറ്റിപ്പിടിച്ചിരിക്കുന്നവനു തുല്യനാണ്.

ഒരു ഭിക്ഷുവിന്റെ വേഷം ധരിക്കുന്നതുകൊണ്ടും ഭിക്ഷാപാത്രം കൈയ്യിൽ കൊണ്ടു നടക്കുന്നതുകൊണ്ടും മാത്രം ഒരുവൻ ഒരിക്കലും ഒരു ഭിക്ഷുവായി തീരുന്നില്ല; അതുപോലെ വിശുദ്ധ ഗ്രന്ഥത്തിലെ വാക്യങ്ങൾ ക്രമം തെറ്റാതെ ഉച്ചരിക്കുന്നതുകൊണ്ടും ഒരുവൻ ഭിക്ഷുവെന്ന് വിളിക്കപ്പെടുവാൻ യോഗ്യനായിത്തീരുന്നില്ല; അങ്ങനെ ചെയ്യുന്നവൻ പുറമെ മാത്രമെ സന്യാസിയാകുന്നുള്ളു.

പുറമെ സന്യാസിയായി കാണപ്പെടുന്നവൻ ഒരിക്കലും അവന്റെ ലൗകികജീവിതത്തോടുള്ള ആസക്തി വെടിയുന്നില്ലെങ്കിൽ അവൻ ഒരിക്കലും ഒരു യഥാർത്ഥ സന്യാസിയായി തീരുന്നില്ല. മറിച്ച് അയാളെ ഒരു സന്യാസിയുടെ വേഷം ധരിച്ച കുട്ടിയോട് ഉപമിക്കാം.

ആർക്ക് ഏകാഗ്രമായി അവരുടെ മനസ്സിനെ നിയന്ത്രിക്കുവാൻ സാധിക്കുന്നുവോ, ആരിൽ പ്രജ്ഞയുണ്ടോ, ആര് എല്ലാ ലൗകികാഗ്രഹങ്ങളും മനസ്സിൽ നിന്ന് നീക്കിനിർത്തിയിട്ടുണ്ടോ, അതുപോലെ ആരുടെ ഒരേ ഒരു ലക്ഷ്യം നിർവ്വാണം സിദ്ധിക്കുകയെന്നതുമാത്രമാണോ, അയാളെ യഥാർത്ഥ സന്യാസിയെന്ന് വിളിക്കപ്പെടുവാൻ യോഗ്യനാണ്.

ഒരു യഥാർത്ഥ സന്യാസി അവന്റെ യഥാർത്ഥ ലക്ഷ്യമായ നിർവ്വാണത്തെപ്പറ്റിയുള്ള ഉപദേശങ്ങൾ തന്റെ ജീവിതത്തിന്റെ അവസാന നിമിഷംവരെ, അവന്റെ അവസാന തുള്ളി രക്തം വറ്റി അസ്ഥികൾ വരണ്ടു പൊട്ടി ശരീരം ഛിന്നഭിന്നമാകുന്നതുവരെ, തുടർന്നുകൊണ്ടിരിക്കും. അങ്ങനെയുള്ള മനുഷ്യൻ അയാളെക്കൊണ്ട് സാധിക്കുന്നതുവരെ ഉത്തമമായി ശ്രമിക്കുകയും അവനിൽ ഏല്പിച്ച കടമകളെ നിർവ്വഹിക്കുകയും ഒരു യഥാർത്ഥ സന്യാസി എങ്ങനെ ആയിരിക്കണം എന്നതിന്റെ ഉത്തമ ഉദാഹരണമായി മാറുകയും ചെയ്യും.

5. ഒരു സന്യാസിയുടെ യഥാർത്ഥ കടമ ബുദ്ധോപദേശങ്ങളുടെ മഹിമയെ നിലനിർത്തുകയും ആ സന്ദേശം മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുകയെന്നതാണ്. അവൻ എല്ലാവരെയും പഠിപ്പിക്കുവാൻ തയ്യാറാകണം; അവൻ ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തണം; അവൻ തെറ്റായ ആശയങ്ങളെ തിരുത്തണം; അവൻ മറ്റുള്ളവരിൽ ശരിയായ ചിന്തയുണ്ടാക്കുവാൻ ശ്രമിക്കണം; അയാൾ സ്വന്തം ജീവനെപ്പോലും വകവെക്കാതെ എല്ലായിടത്തും പോയി തന്നിൽ നിക്ഷിപ്തമായിരിക്കുന്ന കടമ ചെയ്യുവാൻ തയ്യാറാകണം.

ഒരു സന്യാസിയുടെ ദൗത്യമെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല, ആര് ആ മാർഗ്ഗം തിരഞ്ഞെടുക്കുന്നുവോ അവർ ബുദ്ധന്റെ വിശുദ്ധവസ്ത്രം ധരിക്കുവാൻ തയ്യാറാകണം, ബുദ്ധൻ ഇരുന്ന പീഠത്തിൽ ഇരിക്കണം, അങ്ങനെ ബുദ്ധന്റെ മുറിയിലേയ്ക്ക് കയറി ചെല്ലണം.

ബുദ്ധന്റെ വസ്ത്രങ്ങൾ ധരിക്കുകയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ബുദ്ധനെപ്പോലെ വിനയമുള്ളവനും സന്യാസമാർഗ്ഗങ്ങൾ പരിശീലിക്കുവാൻ തയ്യാറുള്ളവനുമായിരിക്കണം; ബുദ്ധന്റെ പീഠത്തിൽ ഇരിക്കുകയെന്നാൽ വസ്തുക്കൾക്ക് അടിസ്ഥാന സ്വഭാവമില്ലെന്നുള്ളതും അവയുമായി ബന്ധം സ്ഥാപിക്കുന്നതിൽ അർത്ഥമില്ലെന്നുമുള്ള പരമമായ സത്യത്തെ സൂചിപ്പിക്കുന്നു; ബുദ്ധന്റെ മുറിയിൽ പ്രവേശിക്കുകയെന്നത് എല്ലാത്തിനെയും ചൂഴ്ന്നു നിൽക്കുന്ന അദ്ദേഹത്തിന്റെ മഹാകരുണയുടെ ഒരുഭാഗമായിത്തീരുകയെന്നതും എല്ലാ ജീവജാലങ്ങളോടും ദയയുള്ളവനായി തീരുകയെന്നതുമാണ്.

6. ആര് ബുദ്ധന്റെ ഉപദേശങ്ങൾ പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവോ അവർ നാലു കാര്യങ്ങൾ ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കണം: ആദ്യമായി അവർ അവരുടെ പെരുമാറ്റരീതിയെക്കുറിച്ച് ബോധവാന്മാരായിരിക്കണം; രണ്ടാമതായി, അവർ മറ്റുള്ളവരെ പഠിപ്പിക്കുവാൻ ഒരുങ്ങുമ്പോൾ വാക്കുകൾ തിരഞ്ഞെടുക്കുന്നതിൽ ശ്രദ്ധിക്കണം; മൂന്നാമതായി, അവർ അവരുടെ പഠനലക്ഷ്യങ്ങളെക്കുറിച്ചും അവസാനം എന്താണ് ഇച്ഛിക്കുന്നത് എന്നതിനെക്കുറിച്ചും ബോധവാന്മാരായിരിക്കണം. നാലാമതായി, അവർ മഹാകരുണയെക്കുറിച്ച് അറിവുള്ളവരുമായിരിക്കണം.

ആദ്യം ധർമ്മത്തെപ്പറ്റി പഠിപ്പിക്കുവാൻ അറിയാവുന്ന ഒരു നല്ല ഗുരു, പിന്നീട് കഠിന പരിശ്രമത്തെ പിൻതുടരാൻ സന്നദ്ധതയുള്ള ഒരു നല്ല സന്യാസിയാകുവാൻ ശ്രമിക്കുക; അവൻ എളിമയുള്ളവനും, ഒരിക്കലും പ്രശസ്തി ആഗ്രഹിക്കാത്തവനും കഠിന രീതികൾ പരിശീലിക്കാതിരിക്കുവാൻ ശ്രമിക്കാത്തവനുമായിരിക്കണം; അവൻ വസ്തുക്കളുടെ അർത്ഥശൂന്യതയെപ്പറ്റിയും മൂല്യ ശൂന്യതയെപ്പറ്റിയും അറിവുള്ളവനായിരിക്കണം, അതിനാൽ അവൻ ഒന്നിനോടും അമിതമായ ബന്ധം സ്ഥാപിക്കുവാൻ ശ്രമിക്കാത്തവനായിരിക്കുകയും ചെയ്യണം. ഇതെല്ലാം സാധിക്കുന്നവൻ ശരിയായ പരിശീലനങ്ങൾ പരിശീലിക്കുവാൻ അർഹനാണ്.

രണ്ടാമതായി, അയാൾ സാഹചര്യങ്ങളുമായും വ്യക്തികളുമായും സംസർഗ്ഗം സ്ഥാപിക്കുമ്പോൾ ഏറ്റവും ജാഗ്രത പുലർത്തണം. അയാൾ അസാന്മാർഗ്ഗികരീതിയിൽ ജീവിക്കന്നവരും അധികാരത്തിലിരിക്കുന്നവരുമായി സംസർഗ്ഗം പുലർത്താതിരിക്കുവാൻ ശ്രമിക്കണം, അതുപോലെ എതിർ ലിംഗത്തിലുള്ളവരുമായി(സ്ത്രീകൾ) അടുത്ത സംസർഗ്ഗം ഒഴിവാക്കണം. അതിനുശേഷം അയാൾ എല്ലാവരെയും സൗഹൃദപരമായി സമീപിക്കുവാൻ ശ്രമിക്കണം; അയാളുടെ മനസ്സിൽ എപ്പോഴും വസ്തുക്കൾ ഉണ്ടാകുന്നത് ചില കാര്യകാരണ വ്യവസ്ഥിതിയുടെ സമീകരണം മൂലമാണെന്നുള്ള വസ്തുത നിലനിൽക്കണം; ആ വസ്തുതയുടെ വെളിച്ചത്തിൽ സ്വയം സംയമനം പാലിക്കുവാനും ആരേയും കുറ്റപ്പെടുത്താനോ തരംതാഴ്ത്തി കാണാനോ ശകാരിക്കുവാനോ ശ്രമിക്കാതിരിക്കണം.

മൂന്നാമതായി, അവൻ അവന്റെ മനസ്സ് ശാന്തമായി വെക്കുകയും, ബുദ്ധനെ അവന്റെ ആത്മീയ ഗുരുവായി അംഗീകരിക്കുകയും ചെയ്യണം, സന്യാസം സ്വീകരിച്ച് നിർവ്വാണം സിദ്ധിച്ചവരെ തന്റെ ഗുരുക്കന്മാരായി സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. എല്ലാവരെയും കാരുണ്യത്തിന്റെ കണ്ണോടെ വീക്ഷിക്കണം. അതുപോലെ എല്ലാവരേയും ഒരുപോലെ പഠിപ്പിക്കണം.

നാലാമതായി, അയാൾ അയാളുടെ കാരുണ്യത്തിന്റെ ശോഭ സ്വയം പ്രകാശിക്കുവാൻ അനുവദിക്കണം, ഏതുവിധത്തിലാണോ ബുദ്ധൻ തന്റെ കാരുണ്യം എല്ലാവരിലും ഒരുപോലെ വർഷിച്ചത്, അതേ അളവിൽ തന്നെ. പ്രത്യേകിച്ച് ആർക്ക് നിർവ്വാണത്തെപ്പറ്റി അധികമായി അറിഞ്ഞുകൂടാതിരിക്കുന്നുവോ അവരുടെമേൽ അധികമായി കാരുണ്യം ചെലുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെയുള്ളവർ ഒരിക്കലെങ്കിലും നിർവ്വാണത്തിന്റെ പാത തിരഞ്ഞെടുക്കുമെന്നുകരുതുകയും അതിനാൽ അവരെ ആ ശ്രമത്തിൽ പ്രോത്സാഹിപ്പിക്കുന്നവിധം സ്വാർത്ഥേച്ഛയില്ലാതെ എല്ലാകാര്യത്തിലും താൻ സഹായിക്കുമെന്ന് തീരുമാനമെടുക്കണം.

## II
## സാധരണ വിശ്വാസികൾ

1. നമ്മൾ മുമ്പ് വിവരിച്ചതുപോലെ ബുദ്ധശിഷ്യന്മാരാകുന്നതിനുവേണ്ടി ഒരുവൻ ബുദ്ധോപദേശങ്ങളുടെ കാതലെന്നറിയപ്പെടുന്ന മൂന്ന് അമൂല്യ സത്യങ്ങളിൽ അടിയുറച്ച് വിശ്വസിക്കണം: അവ ബുദ്ധം, ധർമ്മം, സഹോദര സംഘം എന്നിങ്ങനെയാണ്.

ഒരു സാധാരണ വിശ്വാസിയാകുന്നതിന് ഒരുവന് വേണ്ടുന്ന ഏറ്റവും ഉത്തമമായ കാര്യം, ബുദ്ധനിലുള്ള അചഞ്ചലമായ വിശ്വാസമാണ്. ബുദ്ധോപദേശങ്ങളിലും ധർമ്മത്തിലും വിശ്വസിക്കണം, അവ പഠിക്കുകയും അതിൽ അടങ്ങിയിരിക്കുന്ന ആന്തരികാർത്ഥം മനസ്സിലാക്കി ജീവിതത്തിൽ പ്രാവർത്തികമാക്കണം, അതുപോലെ സന്യാസ സംഘത്തെ അംഗീകരിക്കണം.

സാധാരണ വിശ്വാസികൾ അഞ്ച് കാര്യങ്ങളെ പ്രത്യേകം പരിപാലിക്കുവാൻ ശ്രമിക്കണം: കൊല്ലാതിരിക്കുക, മോഷണം നടത്താതിരിക്കുക, വ്യഭിചാരം ചെയ്യാതിരിക്കുക, കളവ് പറയാതിരിക്കുകയും ചതിക്കാതിരിക്കുകയും ചെയ്യുക, മദ്യം തുടങ്ങിയ ഉന്മാദം ഉണ്ടാക്കുന്ന വസ്തുക്കൾ ഉപയോഗിക്കതിരിക്കുക എന്നിവയാണ്.

സാധാരണ വിശ്വാസികൾ ആ മൂന്ന് അമൂല്യസത്യങ്ങളിൽ വിശ്വസിക്കുകയും അഞ്ച്കാര്യങ്ങളെ കടപിടിക്കുകയും ചെയ്യുന്നതിനോടൊപ്പം അവരെക്കൊണ്ട് സാധിക്കുന്ന വിധത്തിൽ മറ്റുള്ളവരെക്കൊണ്ട് അവ സാധാരണ ജീവിതത്തിൽ പകർത്തുവാൻ പ്രേരിപ്പിക്കണം, പ്രത്യേകിച്ച് അവരുടെ ബന്ധുക്കളെയും സുഹൃത്തുക്കളെയും അതിൽ ഉൾപ്പെടുത്തണം. അങ്ങനെ മറ്റുള്ളവരിൽ അചഞ്ചലമായ ഭക്തിയും വിശ്വാസവും ബുദ്ധനിലും ബുദ്ധോപദേശങ്ങളിലും, സഹോദര സംഘത്തിലും ഉണ്ടാക്കിയെടുക്കുവാൻ ശ്രമിക്കണം. തുടർന്ന് എല്ലാവരും ബുദ്ധന്റെ കാരുണ്യത്തിന്റെ ഫലം അനുഭവിക്കുവാൻ സഹായിക്കണം.

സാധാരണ വിശ്വാസികൾ ഒരുകാര്യം അവരുടെ വിചാരത്തിൽ എപ്പോഴും ഉണ്ടാക്കിയിരിക്കുന്നത് നന്നായിരിക്കും, അവർ മൂന്ന് അമൂല്യ സത്യങ്ങളിൽ വിശ്വസിക്കുന്നതും അഞ്ച്ജീവിതസത്യങ്ങളെ പിൻതുടരുന്നതും, അവർക്ക് അവസാനമായി നിർവ്വാണവും ജ്ഞാനവും പ്രാപിക്കുന്നതിനുവേണ്ടിയാണ്, അതുകൊണ്ട് ഈ ലോകത്തിലെ ലൗകികോദയങ്ങളായ കാര്യങ്ങൾക്ക് വിധേയപ്പെട്ട് ജീവിക്കുമ്പോഴും അവയുമായി താദാത്മ്യബന്ധം സ്ഥാപിച്ച് അവയെ സ്വന്തം വ്യക്തിത്വവുമായി താരതമ്യം ചെയ്യാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

സാധാരണ വിശ്വാസികൾ അവരുടെ ജീവിതത്തെപ്പറ്റി കാര്യമായി മനസ്സിലാക്കുന്നത് നന്നായിരിക്കും, ഈ ലോകജീവിതത്തിൽ അവരുടെ മാതാപിതാക്കന്മാരും ബന്ധുജനങ്ങളും ഒരിക്കൽ അവരിൽ നിന്നും മരണത്തോടെ വേറിട്ട് പോകും: അതുപോലെ താനുമൊരുദിവസം ബന്ധുക്കളിൽ നിന്നും മിത്രങ്ങളിൽ നിന്നും ജനനവും മരണവും നിറഞ്ഞ ഈ ലോകത്തിൽ നിന്ന് ഇഹലോകവാസം വെടിഞ്ഞ് പ്രത്യക്ഷമായ എല്ലാത്തിനോടും വിടപറഞ്ഞ് പോകേണ്ടിതായും വരും. അതുകൊണ്ട് ഈ ലോകത്തിലുള്ള വസ്തുക്കളുടെ മേൽ അതിയായ മോഹം വെക്കുന്നതും അവയോട് താദാത്മ്യം പ്രാപിക്കുവാൻ ശ്രമിക്കുന്നതുമെല്ലാം അർത്ഥമില്ലാത്ത കാര്യങ്ങളാണ്, മനുഷ്യർ പരമലക്ഷ്യമായ നിർവ്വാണത്തിന്റെ ലോകത്തെപ്പറ്റി ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും ഏറ്റവും നല്ലതായിരിക്കും. അവിടെ ഒന്നും ഒന്നിൽ നിന്ന് ഒന്നിലേക്ക് മാറിപ്പോകുന്നില്ല.

2. സാധാരണ വിശ്വാസികൾ സത്യസന്ധവും അചഞ്ചലവുമായ വിശ്വാസം ബുദ്ധനിലും ബുദ്ധന്റെ ഉപദേശങ്ങളിലും ഉണ്ടാക്കുവാൻ ആത്മാർത്ഥമായി

ആഗ്രഹിക്കുന്നുവെങ്കിൽ, അവർ അവരുടെ മനസ്സിനുള്ളിൽ അചഞ്ചലവും, ശാന്തവും, അലട്ടലില്ലാത്തതുമായ സന്തോഷം ഉണ്ടാക്കിയെടുക്കേണ്ടതാണ്. ആ സന്തോഷവും സമാധാനവും അവരുടെ ചുറ്റുപാടുകളിൽ പടർന്നു വികസിക്കുകയും അതിന്റെ പ്രതിശോഭ തിരിച്ച് അവരിലേക്ക് തന്നെ വരുകയും ചെയ്യും.

വിശ്വാസത്തിലധിഷ്ഠിതമായ ആ മനസ്സ് ശുദ്ധവും ശാന്തവുമായിരിക്കും, എപ്പോഴും ക്ഷമയുള്ളതും പരിശ്രമിക്കുന്നതുമായിരുക്കും, ഒരിക്കലും തർക്കിക്കുന്നതോ, മറ്റുള്ളവർക്ക് ദുഃഖവും അശാന്തിയും നല്കുന്നതോ ആയിരിക്കുകയില്ല, മറിച്ച് എപ്പോഴും മൂന്ന് അമൂല്യ സത്യങ്ങളായ, ബുദ്ധം, ധർമ്മം, സംഘം എന്നിവയെക്കുറിച്ച് വിചിന്തനം ചെയ്തുകൊണ്ടിരിക്കും. അക്കാരണംകൊണ്ട് അവരുടെ മനസ്സുകളിൽ എപ്പോഴും സന്തോഷം പൊട്ടിവിടർന്നുകൊണ്ടിരിക്കും, അതുപോലെ അവർ എവിടെയും നിർവ്വാണത്തിന്റെ പ്രഭ കാണുകയും ചെയ്യും.

അവർ എപ്പോഴും ബുദ്ധനിലുള്ള വിശ്വാസമാകുന്ന മഞ്ചത്തിൽ വിശ്രമിക്കുന്നതുകൊണ്ട്, സ്വാർത്ഥതയിൽ നിന്നും, ബന്ധനങ്ങളിൽ നിന്നും, കണക്കുകൂട്ടലുകളിൽനിന്നും തങ്ങളുടെ മനസ്സിനെ സംരക്ഷിച്ചു നിർത്തുന്നു. അതിനാൽ അവർ ഒരിക്കലും വിമർശനങ്ങളെയോ ദൈനംദിന ജീവിതപ്രശനങ്ങളെയോ കണ്ട് ഭയപ്പെടുന്നില്ല.

അവർക്ക് അവരുടെ ഭാവിയെക്കുറിച്ചോ മരണത്തെക്കുറിച്ചോ ഭയമില്ല, കാരണം അവർ ബുദ്ധന്റെ പരിശുദ്ധരാജ്യത്തിൽ പുനർജ്ജനിക്കുന്നതിൽ വിശ്വസിക്കുന്നു. അവർക്ക് സത്യത്തിലും ഉപദേശങ്ങളുടെ പരിശുദ്ധിയിലും വിശ്വാസമുള്ളതുകൊണ്ട് അവർക്ക് അവരുടെ ചിന്തകൾ ഭയപ്പാടില്ലാതെ സ്വതന്ത്രമായി പ്രകടിപ്പിക്കുവാനും സാധിക്കുന്നു.

അവരുടെ മനസ്സിൽ എല്ലാ ജീവജാലങ്ങളോടും കാരുണ്യമുള്ളതുകൊണ്ട്, അവർ അവയുടെ ഇടയിൽ യാതൊരു വ്യത്യാസവും കല്പിക്കുന്നില്ല, മാത്രമല്ല, എല്ലാറ്റിനെയും ഒരുപോലെ തുല്യതയിൽ കാണുന്നു; അവരുടെ മനസ്സ് ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമല്ലാത്തതുകൊണ്ട്, എന്തു നല്ലകാര്യം ചെയ്യുന്നതിനും അവർ സന്തുഷ്ടരും സദാ സന്നദ്ധരുമായിരിക്കും.

അവർ സമൃദ്ധിക്കു നടുവിലോ അല്ലെങ്കിൽ കഷ്ടകാലത്തിന്റെയും ഇല്ലായ്മയുടെയും നടുവിലോ ജീവിക്കുന്നവരായാലും അത് അവരിൽ ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ല, അവരുടെ വിശ്വാസത്തിന് ഒരു കുറവും സംഭവിക്കുന്നില്ല, അവർ മനുഷ്യത്വത്തിന്റെ ആധാരത്തിൽ തങ്ങളുടെ പ്രവർത്തികളെ രൂപപ്പെടുത്തുന്നു. അവർ ബുദ്ധന്റെ ഉപദേശങ്ങളെ സ്വീകരിക്കുകയും, അവരുടെ സംസാരത്തിലും പ്രവൃത്തിയിലും സത്യസന്ധത നിലനിൽക്കുകയും ചെയ്യുന്നു, അവരുടെ ചിന്തകൾ പ്രജ്ഞയാൽ അധിഷ്ഠിതവും, അവരുടെ മനസ്സാന്നിദ്ധ്യം ഒരു പാറപോലെ ഉറച്ചതുമാണെങ്കിൽ തുടർച്ചയായ പുരോഗതി നിർവ്വാണത്തിലേക്കുള്ള പാതയിൽ ഉണ്ടാക്കുകയും അതിൽ അവർ പൂർണ്ണവിജയം കൈവരിക്കുകയും ചെയ്യും.

അവർ കഷ്ടപ്പാടുകളുടെയിടയിൽ ദുഷ്ടചിന്തയുള്ളവരുടെയിടയിൽ ജീവിക്കേണ്ടിവന്നാലും, ബുദ്ധനിലുള്ള വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുകയാണെങ്കിൽ അവയെ എല്ലാം വിജയകരമായി തരണം ചെയ്യുവാനും അത്തരം മനുഷ്യരെ നല്ലവഴിയിലേക്ക് നയിച്ചുകൊണ്ടുവരുവാനും സാധിക്കും.

3. അതുകൊണ്ട് ഒരുവന് ബുദ്ധന്റെ ഉപദേശങ്ങൾ ശ്രവിക്കുവാനുള്ള ആഗ്രഹമുണ്ടായിരിക്കണം.

ആരെങ്കിലും അവനോട് നിർവ്വാണം പ്രാപിക്കുന്നതിന് തീയിൽകൂടി നടക്കണമെന്ന് ആവശ്യപ്പെടുകയാണെങ്കിൽ അവർ അതനുസരിക്കുകയും തീയിൽ കൂടി നടന്ന് നിർവ്വാണം സാധ്യമാക്കുകയും ചെയ്യണം.

ബുദ്ധന്റെ നാമം ശ്രവിക്കുന്നതിൽ നിന്നു ലഭിക്കുന്ന സന്തോഷം അഗ്നിനിറഞ്ഞ ലോകത്തിൽ കൂടി നടക്കുന്നതിനെ സാധൂകരിക്കും.

ഒരുവൻ ബുദ്ധന്റെ ഉപദേശങ്ങളുടെ വഴി സ്വീകരിക്കുക ആ വഴി ഒരിക്കലും അവനെ അഹങ്കാരിയോ തൻകാര്യംമാത്രം അന്വേഷിക്കുന്നവനോ ആക്കിത്തീർക്കുന്നില്ല, മറിച്ച് എല്ലാറ്റിനോടും സമഭാവനയും, ബഹുമാനമർഹിക്കുന്നവരോട് ബഹുമാനവും, സേവനമാവശ്യമുള്ളവർക്ക് സേവനവും, അതുപോലെ എല്ലാവരോടും ഒരുപോലെ കാരുണ്യം കാണിക്കന്നവനുമാക്കി തീർക്കുന്നു.

അതിനാൽ സാധാരണ വിശ്വാസികൾ ആദ്യമായി അവരുടെ മനസ്സിനെ മറ്റുള്ളവരുടെ പ്രേരണയാലും പ്രവർത്തികളാലും ചഞ്ചലപ്പെടാതിരിക്കുവാൻ പരിശീലിപ്പിക്കണം. അങ്ങനെയായിരിക്കണം അവർ ബുദ്ധന്റെ ഉപദേശങ്ങളും മറ്റും സ്വീകരിക്കേണ്ടതും അവയെ അനന്തരം പ്രയോഗത്തിൽ വരുത്തേണ്ടതും, അതിൽ ഒരിക്കലും മറ്റുള്ളവരുടെ പ്രേരണയോ, താല്പര്യങ്ങളോ, അല്ലെങ്കിൽ മറ്റുമാർഗ്ഗങ്ങളോ തടസ്സപ്പെടുത്താൻ പാടില്ല.

ബുദ്ധന്റെ ഉപദേശങ്ങളിൽ വിശ്വാസമില്ലാത്തവർക്ക് വളരെ ഇടുങ്ങിയ വീക്ഷണ രീതിയായിരിക്കും ഉണ്ടാകുക. അതുകൊണ്ടുതന്നെ ഒരു ഇടുങ്ങിയ മനസ്സും. പക്ഷെ, ആര് ബുദ്ധന്റെ ഉപദേശങ്ങളിൽ വിശ്വസിക്കുന്നുവോ അവർ എല്ലാറ്റിലും വലിയ കാരുണ്യത്തിന്റെയും പ്രജ്ഞയുടെയും സ്വാധീനം ശ്രദ്ധിക്കുകയും ആ വിശ്വാസത്തിൽ അവർ എല്ലാറ്റിൽ നിന്നും രക്ഷനേടി ഒഴിഞ്ഞുനിൽക്കുവാൻ പഠിക്കുകയും ചെയ്യുന്നു.

4. ആര് ബുദ്ധന്റെ ഉപദേശങ്ങൾ ശ്രവിക്കുകയും അത് സ്വീകരിക്കുകയും, അവരുടെ ജീവിതങ്ങൾ മാറ്റങ്ങൾക്കു വിധേയമാണെന്നും, അവരുടെ ശരീരം ദുഃഖങ്ങളുടെ ഒരു സങ്കലനവും, തിന്മകളുടെ ഒരു ശ്രോതസ്സും എന്ന് മനസ്സിലാക്കുകയാണെങ്കിൽ അവർ അത്തരം കാര്യങ്ങളുമായി ഒരു വിധത്തിലുള്ള ബന്ധനത്തിലും ഏർപ്പെടുകയില്ല.

അതുപോലെതന്നെ, അവർ അവരുടെ ശരീരത്തിനെ സംരക്ഷിക്കുന്നതിൽ നിന്നും ഒരിക്കലും പുറകോട്ടു പോകില്ല. അത് ശരീരജന്യമായ സുഖങ്ങളെ അനുഭവിക്കുന്നതിനും അവയിൽ നിന്നും കിട്ടാവുന്ന അനുഭൂതിയിൽ ലയിക്കാനോ അല്ല മറിച്ച് ആരോഗ്യമുള്ള ശരീരം പ്രജ്ഞയും ജ്ഞാനവും സിദ്ധിക്കുന്നതിന് ആവശ്യമായതുകൊണ്ടും, മറ്റുള്ളവർക്ക് ശരിയായ മാർഗ്ഗം ഉപദേശിക്കുന്നതിന് ആരോഗ്യമുള്ള ശരീരം ആവശ്യമായതുകൊണ്ടും കൂടിയാണ്.

അവർ അവരുടെ ശരീരത്തെ ശരിയായവിധം സംരക്ഷിക്കുന്നില്ലെങ്കിൽ അധികകാലം ജീവിക്കുവാൻ സാധിക്കുകയില്ല. അധികകാലം ജീവിക്കുവാൻ സാധിക്കാതിരുന്നാൽ അവർക്ക് ഉപദേശങ്ങൾ പ്രാവർത്തികമാക്കാനോ അത് മറ്റുള്ളവരെ പഠിപ്പിച്ചുകൊടുക്കുവാനോ സാധിക്കുകയില്ല.

ഒരു മനുഷ്യൻ ഒരു വീതിയുള്ള നദി മുറിച്ചുകടക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ ഒരു നല്ല വള്ളം ഉണ്ടാക്കണം, ഒരു നീണ്ടയാത്ര ആഗ്രഹിക്കുന്നുവെങ്കിൽ ഒരു നല്ല കുതിരയെ തിരഞ്ഞെടുക്കണം. അതുപോലെ ഒരുവൻ നിർവ്വാണം ആഗ്രഹിക്കുന്നുവെങ്കിൽ അവന്റെ ശരീരത്തെ നല്ല രീതിയിൽ സംരക്ഷിക്കണം.

ബുദ്ധശിഷ്യന്മാർ നഗ്നത മറക്കുന്നതിനും, ചൂടിൽ നിന്നും തണുപ്പിൽ നിന്നും രക്ഷനേടുന്നതിനും ഉതകുന്ന രീതിയിൽ വസ്ത്രങ്ങൾ ധരിക്കണം അല്ലാതെ ആഡംബരം കാണിക്കുന്നതിനാവരുത്.

അവർ ശരീരത്തിന്റെ പോഷണത്തിനു വേണ്ടിയും തുടർന്ന് ബുദ്ധമാർഗ്ഗങ്ങൾ ഉപദേശിക്കുന്നതിനും അവയനുസരിച്ച് ജീവിക്കുന്നതിനും സാധ്യമാകുന്ന രീതിയിൽ ഭക്ഷണം കഴിക്കണം. അത് ഭക്ഷണ സുഖം അനുഭവിക്കുന്നതിനുവേണ്ടി മാത്രമായിരിക്കരുത്.

അവർ നിർവ്വാണമാകുന്ന ഭവനത്തിൽ സുരക്ഷിതരായി ജീവിക്കണം അവിടെ അവർ ലൗകികാഗ്രഹങ്ങളാകുന്ന കള്ളന്മാരിൽ നിന്നും, തിന്മകൾ നിറഞ്ഞ ഉപദേശങ്ങളാകുന്ന കൊടുംക്കാറ്റിൽ നിന്നും സംരക്ഷിക്കപ്പെടുകയും ചെയ്യണം. അവർ ആഗ്രഹങ്ങൾ ശരിയായ ആവശ്യങ്ങൾക്കുമാത്രമായി വിനിയോഗിക്കണം. അല്ലാതെ അവരുടെ അധമമായ വികാരങ്ങൾ മറച്ചുവെക്കുന്നതിനോ മറ്റൊരുതരത്തിൽ തുറന്നുകാണിക്കുന്നതിനോ ആകരുത്.

അതിനാൽ ഒരുവൻ എല്ലാറ്റിനെയും ശരിയായ മൂല്യനിർണ്ണയം നടത്തുകയും അവയെ തങ്ങളുടെ നിർവ്വാണത്തിനും ബുദ്ധോപദേശങ്ങളുടെ സംരക്ഷണത്തിനും വേണ്ടി വിനിയോഗിക്കണം. അത്തരം വസ്തുക്കൾ ഒരുവൻ അവന്റെ ശേഖരമാക്കിവക്കുകയും അവയോട് ‘‘എന്റേത്’’ എന്ന രീതിയിൽ ബന്ധം സ്ഥാപിക്കരുത്. എന്നാൽ അവ ബുദ്ധോപദേശങ്ങളുടെ പരിപാലനത്തിന്റെ കാര്യത്തിൽ ഒരു പരമമായ കടമ നിർവ്വഹിക്കുന്നു എന്ന കാര്യം മറക്കുകയും ചെയ്യരുത്.

അതുകൊണ്ട്, അവന്റെ മനസ്സ് എപ്പോഴും, കുടുംബജീവിതത്തിന്റെ സുഖദുഃഖങ്ങൾക്കിടയിൽ, പോലും ബുദ്ധോപദേശങ്ങളിൽ സ്ഥാപിതമാക്കണം. അവൻ കുടുംബത്തെ സാമർത്ഥ്യമുള്ളതും കരുണ നിറഞ്ഞതുമായ മനസ്സോടെ ശ്രദ്ധിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനോടൊപ്പം കുടുംബാംഗങ്ങളിൽ വിശ്വാസമുണർത്തിക്കുവാനുതകുന്ന കാര്യങ്ങൾ മുറക്ക് ചെയ്യുകയും ചെയ്യണം.

5. സാധാരണ വിശ്വാസികളായ ബുദ്ധ സഹോദരസംഘാംഗങ്ങൾ ഇവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ദിവസവും പഠിക്കുകയും; എങ്ങനെ അവരുടെ മാതാപിതാക്കളെ സേവിക്കണം; എങ്ങനെ അവരുടെ ഭാര്യമാരുടെയും കുട്ടികളുടെയും കൂടെ ജീവിക്കണം; എങ്ങനെ അവരവരെത്തന്നെ നിയന്ത്രിക്കണം; എങ്ങനെ ബുദ്ധനെ സേവിക്കാം തുടങ്ങിയവയാണ്.

അവരുടെ മാതാപിതാക്കളോടുള്ള ഏറ്റവും വലിയ സേവനം എല്ലാ ജീവജാലങ്ങളോടും കരുണനിറഞ്ഞ മനസ്സോടെ പെരുമാറുകയെന്നതിൽ നിന്നാണ്. അവരുടെ ഭാര്യമാരും കുട്ടികളുമായി സന്തോഷമായി ജീവിക്കുകയെന്നത് അവർ അത്യാഗ്രഹങ്ങളിൽ നിന്നും തൃഷ്ണയിൽ നിന്നും, സ്വാർത്ഥമായ ജീവിതസുഖങ്ങളിൽനിന്നും മോചനം നേടുകയെന്നതാണ്.

കുടുംബജീവിതമാകുന്ന സംഗീതം കേട്ട് അനുഭവിക്കുമ്പോഴും അവർ ബുദ്ധോപദേശങ്ങളാകുന്ന മധുരസംഗീതം മറക്കരുത്; അതുപോലെ ഗാർഹിക ജീവിതത്തിന്റെ സംരക്ഷണയിൽ ജീവിക്കുമ്പോഴും അവർ സെൻ എന്ന ധ്യാനരീതി പരിശീലിക്കുവാൻ ശ്രമിക്കണം, അതിൽ ബുദ്ധിമാനായ ഒരു മനുഷ്യന് തികഞ്ഞ സംരക്ഷണവും അശുദ്ധിയിൽ നിന്നും മറ്റു ശല്യങ്ങളിൽ നിന്നും മോചനം കിട്ടും.

സാധാരണ മനുഷ്യർ ധ്യാനിക്കുമ്പോൾ അവർ അതിൽ നിന്നുണ്ടാകാവുന്ന ഫലത്തെപ്പറ്റിയും ഗുണങ്ങളെപ്പറ്റിയും ചിന്തിക്കരുത്. അവർ ഒരു ആൾക്കൂട്ടത്തിനു നടുവിൽ നിൽക്കുമ്പോഴും അവരുടെ മനസ്സ് ബുദ്ധിമാന്മാരോടൊപ്പമായിരിക്കണം. അവർ ദൗർഭാഗ്യങ്ങൾ നേരിടുമ്പോഴും അവരുടെ മനസ്സ് ശാന്തവും ബന്ധനങ്ങൾക്കതീതവുമായിരിക്കണം.

അവർ ബുദ്ധനിൽ എല്ലാം അർപ്പിക്കുമ്പോൾ പ്രധാനമായും ബുദ്ധോപദേശങ്ങളുടെ അന്തഃസത്തയായ പ്രജ്ഞയും ജ്ഞാനവും പിൻതുടരാൻ ശ്രമിക്കണം.

അവർ ധർമ്മത്തിൽ അഭയം തേടുവാൻ ശ്രമിക്കുമ്പോൾ അതിൽ അന്തർലീനമായിരിക്കുന്ന സത്യത്തെയും അതിന്റെ ആധാരമായ പ്രജ്ഞയെയും മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്യണം.

അവർ സംഘത്തിൽ അവരുടെ വിശ്വാസമർപ്പിക്കുമ്പോൾ അതിൽ അന്തർലീനമായിരിക്കുന്ന സമാധാനത്തിന്റെ കൂട്ടായ്മയെ മനസ്സിലാക്കുവാൻ ശ്രമിക്കണം എന്തെന്നാൽ അത് സ്വാർത്ഥചിന്തകളാൽ നശീകരിക്കപ്പെടുന്നില്ല.

അവർ സാധാരണ വസ്ത്രങ്ങൾ ധരിക്കുമ്പോൾ, നന്മയും എളിമയുമാകുന്ന ഉടുപ്പുകൾകൂടി അണിയുവാൻ ഒരിക്കലും മറക്കരുത്.

അവർ അവരിൽ നിന്നും തന്നെ മോചിതരാക്കുവാൻ ശ്രമിക്കുമ്പോൾ ആദ്യമായി അവരിലുള്ള അത്യാഗ്രഹം, ദേഷ്യം, വിഡ്ഢിത്വം എന്നിവ മനസ്സിൽ നിന്ന് തുടച്ചു മാറ്റുവാൻ ശ്രമിക്കണം.

അവർ ഒരു വലിയ മലമുറിച്ചു നടക്കുവാൻ ആഗ്രഹിക്കുമ്പോൾ അതിനെ നിർവ്വാണത്തിലെയ്ക്കുള്ള മാർഗ്ഗമായും ആ പാത അവരെ മോഹവലയങ്ങൾക്ക് അപ്പുറം കൊണ്ടുപോകുമെന്നും കരുതണം. അവർക്ക് വളരെ എളുപ്പമുള്ള പാതയിലൂടെ നടക്കുവാൻ ഭാഗ്യം ലഭിക്കുമ്പോൾ അതിൽ നിന്നു കിട്ടാവുന്ന സൗകര്യങ്ങൾ ഏറ്റവും നല്ലരീതിയിൽ നിറവേറ്റുവാനും ബുദ്ധമാർഗ്ഗത്തിൽ നല്ല പുരോഗതിയുണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യണം.

അവരൊരു പാലം കാണുമ്പോൾ ബുദ്ധോപദേശങ്ങളാകുന്ന പാലത്തെക്കുറിച്ചും അതിലൂടെ ദുഃഖിതരെയ അക്കരക്കെത്തിക്കുന്നതിനെക്കുറിച്ചും വിഭാവനം ചെയ്യണം.

ദുഃഖിതരായ മനുഷ്യരെ കാണുമ്പോൾ അവർ ഈ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിലെ കാഠിന്യങ്ങളെക്കണ്ട് വ്യാകുലചിത്തരാകണം.

അവർ അത്യാഗ്രഹികളായ മനുഷ്യരെ കാണുമ്പോൾ തങ്ങളിൽ ഈ ലോകത്തിന്റെ മായകളിൽ നിന്ന് മാറി നിൽക്കുവാനും നിർവ്വാണത്തിന്റെ സമൃദ്ധിയെക്കുറിച്ച് ചിന്തിക്കുവാനും പഠിക്കണം.

അവർ കയ്പ്പുള്ള ഭക്ഷണം കാണുമ്പോൾ ശ്രദ്ധിക്കണം; എന്നാൽ അരുചിയുള്ള ഭക്ഷണം കാണുമ്പോൾ അവരുടെ അത്യാഗ്രഹം ഒരിക്കലും തിരിച്ചുവരരുതെയെന്ന് ആഗ്രഹിക്കണം.

**സഹോദര സംഘത്തിന്റെ കടമകൾ**

വേനലിന്റെ കഠിനമായ ചൂടിൽ അവർ ലൗകികാഗ്രഹങ്ങളാകുന്ന ചൂടിൽ നിന്ന് മാറി നില്ക്കുവാനും നിർവ്വാണമെന്ന കുളിർമ്മ അനുഭവിക്കുവാനും ആഗ്രഹിക്കണം; അതികഠിനമായ ശൈത്യത്തിൽ അവർ ബുദ്ധന്റെ കാരുണ്യമാകുന്ന ഇളംചൂട് അനുഭവിക്കുവാനും ആഗ്രഹിക്കണം.

അവർ പരിശുദ്ധ സൂക്തങ്ങൾ ഉരുവിടുമ്പോൾ അത് മറന്നു പോകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും അവയെ ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യണം.

അവർ ബുദ്ധനെക്കുറിച്ച് ചിന്തിക്കുമ്പോൾ ബുദ്ധന്റെ കരുണ്യം നിറഞ്ഞകണ്ണുകൾ ഉണ്ടാകുവാൻ ആഗ്രഹിക്കണം.

അവർ രാത്രിയിൽ ഉറങ്ങുമ്പോൾ അവരുടെ ശരീരവും മനസ്സും വാക്കുകളും ശുദ്ധമാക്കി പുതിയ ഉണർവ്വ് ആർജ്ജിക്കുന്നതിനെപ്പറ്റിയും മറ്റും ആഗ്രഹിക്കണം; അവർ പ്രഭാതത്തിൽ ഉണരുമ്പോൾ ആദ്യമായി പകൽനേരങ്ങളിൽ അവരുടെ മനസ്സ് സദാശുദ്ധമായിരിക്കുന്നതിനെക്കുറിച്ചും അത് എല്ലാകാര്യങ്ങളും നല്ലവണ്ണം മനസ്സിലാക്കുന്നതിനെക്കുറിച്ചും ആഗ്രഹിക്കണം.

6. ബുദ്ധന്റെ ഉപദേശങ്ങൾ പിൻതുടരുന്നവർ എല്ലാം നല്ലവണ്ണം മനസ്സിലാക്കുന്നതിനാൽ വസ്തുക്കളുടെ അന്തഃസത്തയുടെ 'അടിസ്ഥാനരാഹിത്യം' അവർ ശരിക്കും അറിയണം, അതിനാൽ മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന

ഒന്നിനെയും നിസ്സാരമായി കാണാതിരിക്കുകയും, മറിച്ച് വേണ്ട ഗൗരവത്തോടെ മനസ്സിലാക്കുകയും അവയെല്ലാം നിർവ്വാണം സിദ്ധിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി കാണുകയും വേണം.

അവർ ഈ ലോകത്തെ ഒരു വ്യർത്ഥമായതും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമായി കാണരുത്, എന്തെന്നാൽ നിർവ്വാണത്തിന്റെ ലോകം അർത്ഥവത്തും ശാന്തിനിറഞ്ഞതുമാണ്. ലോകത്തിന്റെ എല്ലാ അവസ്ഥകളിൽ നിന്നും അർത്ഥതലങ്ങളിൽ നിന്നും നിർവ്വാണത്തിലേയ്ക്കും ജ്ഞാനത്തിലേയ്ക്കുമുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം.

അശുദ്ധവും അജ്ഞതനിറഞ്ഞതുമായ കണ്ണുകളോടെ ഒരുവൻ ലോകത്തെ വീക്ഷിക്കുകയാണെങ്കിൽ, അവൻ എല്ലായിടത്തും കുറ്റം മാത്രം കാണുന്നു; മറിച്ച് അവൻ ജ്ഞാനത്തിന്റെ വഴി സ്വീകരിക്കുകയാണെങ്കിൽ, ഈ ലോകം നിർവ്വാണത്തിലേയ്ക്കുള്ള വഴിയായി കാണുന്നു. അതാണ് യഥാർത്ഥ ലോകം.

യഥാർത്ഥത്തിൽ ഒരു ലോകമേയുള്ളു രണ്ടില്ല. രണ്ടെന്നാൽ ഒന്ന് അർത്ഥമുള്ളതും മറ്റെത് അർത്ഥമില്ലാത്തതും, അല്ലെങ്കിൽ ഒന്ന് നല്ലതും മറ്റെത് ചീത്തയും. അങ്ങനെയുള്ള ചിന്ത മനുഷ്യമനസ്സിൽ മാത്രമെയുള്ളു, അത് അവരുടെ മനസ്സിന്റെ സ്വഭാവമായ തരംതിരിവിനെ അടിസ്ഥാനപ്പെടുത്തിയാണ് നിലകൊള്ളുന്നത്.

അവർക്ക് ഈ തരംതിരിവ് സ്വഭാവത്തിൽ നിന്ന് മാറി നിൽക്കുവാൻ സാധിക്കുകയും മനസ്സിനെ നിർമ്മലമായ പ്രജ്ഞയാകുന്ന പ്രകാശം കൊണ്ട് നിറയ്ക്കുവാനും സാധിച്ചാൽ ഈ ലോകത്തിലുള്ളതെല്ലാം അർത്ഥവത്തായ കാര്യങ്ങളാണെന്ന് മനസ്സിലാകും.

7. ആര് ബുദ്ധനിൽ വിശ്വസിക്കുകയും, ആ ഉപദേശങ്ങളുടെ അന്തഃസത്തയായ പ്രപഞ്ചത്തിന്റെ ഏകത്വവും, പരിശുദ്ധിയും അനുഭവിച്ചറിയുകയും, ആ മനസ്സോടെ അവർ എല്ലാറ്റിനോടും കാരുണ്യപൂർവ്വം പെരുമാറുകയും, വളരെ എളിമയുള്ള വീക്ഷണം പ്രകടിപ്പിക്കുകയും സേവന നിരതരാകുകയും ചെയ്യണം.

അതുകൊണ്ട് അവർ മനസ്സിൽ നിന്ന് എല്ലാ അഹങ്കാരങ്ങളും തുടച്ചുമാറ്റുകയും അവിടെ മനുഷ്യത്വവും, എളിമയും, സേവനതൽപരതയും വളർത്തിയെടുക്കണം. അവരുടെ മനസ്സ് നല്ല വളക്കൂറുള്ള മണ്ണുപോലെ എല്ലാറ്റിനെയും വ്യത്യാസമില്ലാതെ വളർത്തിയെടുക്കുകയും, എല്ലാറ്റിനെയും പരാതിയില്ലാതെ സേവിക്കുകയും, വിരുദ്ധ സാഹചര്യങ്ങളെ ക്ഷമാപൂർവ്വം തരണം ചെയ്യുകയും ചെയ്യണം, അവർ നിശ്ചയദാർഢ്യം ഉള്ളവരും പാവങ്ങളും ദുഃഖിതരുമായവർക്കുവേണ്ടി സഹായമെത്തിക്കുന്നതിൽ അതിയായ സന്തോഷമുള്ളവരും, അങ്ങനെയുള്ളവരുടെ മനസ്സിൽ ബുദ്ധോപദേശങ്ങളുടെ മഹിമയെത്തിക്കുന്നതിൽ താല്പര്യമുള്ളവരുമായിരിക്കണം.

അതുകൊണ്ട്, കാരുണ്യം നിറഞ്ഞ മനസ്സ് പാവങ്ങളായുള്ളവരുടെ കാര്യത്തിൽ ഒരു മാതാവിനെപ്പോലെ വർത്തിക്കുന്നു, എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്നു, എല്ലാവരെയും ആത്മമിത്രങ്ങളെപ്പോലെ കാണുകയും, അവരെ സ്വന്തം മതാപിതാക്കളെപ്പോലെ സ്നേഹിക്കുകയും ചെയ്യുന്നു.

ആയിരക്കണക്കിനാളുകൾക്ക് സാധാരണ ബുദ്ധവിശ്വാസികളുടെമേൽ വൈരാഗ്യവും പകയുമുണ്ടെങ്കിൽപോലും അവയ്ക്കൊന്നും ഒരു ഫലവുമുണ്ടാക്കുവാൻ സാധിക്കുകയില്ല. അത്തരം വൈരാഗ്യം നിറഞ്ഞ പ്രവൃത്തികൾ ഒരുതുള്ളി വിഷം ഒരു സാഗരത്തിൽ കലർത്തുന്നതിനു തുല്യമാണ്.

8. ഒരു സാധാരണ വിശ്വാസി അവന്റെ സന്തോഷമനുഭവിക്കുന്നത് ഓർമ്മിക്കുന്നതിൽ നിന്നും, സ്മരിക്കുന്നതിൽ നിന്നും, നന്ദി പ്രകടിപ്പിക്കുന്നതിൽ നിന്നും മറ്റുമാണ്. അവൻ അവന്റെ വിശ്വാസം ബുദ്ധൻ നേരിട്ട് നല്കിയതാണെന്നും അത് ബുദ്ധകാരുണ്യത്തിന്റെ പ്രതിഫലനമാണെന്നും മനസ്സിലാക്കി പ്രവർത്തിക്കും.

ലൗകികജീവിതമാകുന്ന ചെളിക്കുണ്ടിൽ വിശ്വാസത്തിന്റെ വിത്ത് ഒരിക്കലും മുളക്കുകയില്ല, ഒരുപക്ഷെ ആ വിത്ത് അവിടെയും വിതച്ചിട്ടുണ്ടാകാം എന്നാൽ അത് അങ്ങനെയുള്ള മനസ്സിൽ നിന്ന് ലൗകികാഗ്രഹങ്ങളെ ശുദ്ധീകരിച്ച് മനസ്സിനെ പക്വതപ്പെടുത്താതെ വിശ്വാസത്തിന്റെ രൂപത്തിൽ ആ മനസ്സിൽ വളരുകയില്ല.

മുമ്പു വിവരിച്ചതുപോലെ വിഷമുള്ളു മുള്ളുകളുള്ള മുരിക്ക് വളരുന്ന ഒരു വനത്തിൽ ഒരിക്കലും ചന്ദനമരം വളരുകയില്ല. അതുപോലെ ബുദ്ധവിശ്വാസമെന്ന ചന്ദനമരം അത്യാഗ്രഹങ്ങളും, അഹന്തയുമാകുന്ന മുരിക്കുമുള്ളുകൾക്കിടയിൽ വളരുകയില്ല.

എന്നാൽ ആ മുരിക്കുകൾക്കിടയിൽ സുന്ദരങ്ങളായ പുഷ്പങ്ങൾ വിരിയുന്നു, നാം ആ പുഷ്പങ്ങൾ ലൗകികമായ സ്രോതസ്സുകളിൽ നിന്ന് വളർന്നുവന്ന ചെടിയിൽ നിന്നാണെന്ന് സംശയിച്ചേക്കാം, എന്നാൽ യഥാർത്ഥത്തിൽ ആ പുഷ്പങ്ങൾ വിരിക്കുന്ന ചെടിയുടെ വേരുകൾ ബുദ്ധകാരുണ്യമാകുന്ന വളക്കൂറുള്ള മണ്ണിൽ നിന്നുമാണ് വളർന്നു വരുന്നത്.

ഒരു സാധാരണ വിശ്വാസി അഹങ്കാരിയായാൽ അയാൾ അസൂയാലുവും, അസഹിഷ്ണുതയുള്ളവനും, വെറുപ്പുള്ളവനും, ഉപദ്രവകാരിയുമാകുന്നു, കാരണം അവന്റെ മനസ്സ് അഹങ്കാരം, ദേഷ്യം, വിഡ്ഢിത്വം തുടങ്ങിയവയാൽ നിറഞ്ഞിരിക്കുന്നതിനാലാണ്. എന്നാൽ അവൻ ബുദ്ധനിലേയ്ക്ക് തിരിച്ച് പോകുമ്പോൾ ഈ ലോകത്തിനുവേണ്ടി വലിയ ഒരു സേവനമാണ് ചെയ്യുന്നത്. അതിന്റെ മൂല്യം വാക്കുകളാൽ വിവരിക്കുവാൻ പ്രയാസമാണ്.

## III
## സത്യമായ ജീവിതത്തിലേക്കുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

1. ദൗർഭാഗ്യം കിഴക്കുനിന്നാണോ പടിഞ്ഞാറുനിന്നാണോ വരുന്നതെന്ന് വിചാരിച്ച് കഷ്ടപ്പെടുന്നതിൽ അർത്ഥമില്ല; അത് യഥാർത്ഥത്തിൽ ഒരുവന്റെ മനസ്സിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അതിനാൽ, ദൗർഭാഗ്യങ്ങൾക്കെതിരെ ഭൗതികജീവിതത്തിൽ ബാഹ്യമായ രക്ഷാമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ആന്തരികമായി മനസ്സിനെ തുറന്നു വിടുകയും ചെയ്യുന്നതിൽ ഒരർത്ഥവുമില്ല.

സാധാരണ മനുഷ്യർ ഇപ്പോഴും പിൻതുടരുന്ന പഴയ പരമ്പരാഗതമായ ഒരു രീതിയുണ്ട്. അവർ സാധാരണയായി രാവിലെ എഴുന്നേറ്റാൽ മുഖം കഴുകിയിട്ട് വായിൽ വെള്ളമെടുത്തിട്ട് ആറുവശത്തേയ്ക്കും നോക്കി തുപ്പും, അത് നാല് ദിക്കുകളിലേയ്ക്കും പിന്നീട് മുകളിലേയ്ക്കും താഴേയ്ക്കുമാണ്. അവരുടെ മനസ്സിൽ അപ്പോഴുള്ള വിചാരം ഒരിക്കലും ഒരു ദിക്കിൽ നിന്നും ഒരു ദൗർഭാഗ്യവും വന്നുചേരരുത് എന്നും അങ്ങനെ അവർക്ക് ഒരു സമാധാനമുള്ള ദിവസം വന്നുഭവിക്കുമെന്നാണാവിശ്വാസം.

ഇത് ബുദ്ധന്റെ ഉപദേശങ്ങളിൽ നിന്ന് വ്യത്യസ്ഥമാണ്. ബുദ്ധവിശ്വാസപ്രമാണങ്ങൾ അനുസരിച്ച് ഒരുവൻ സത്യമാകുന്ന ആറു ദിശകളെ ബഹുമാനിക്കണം, അതിനുശേഷം സമർത്ഥമായും മൂല്യങ്ങളെ ആധാരപ്പെടുത്തിയും പെരുമാറുകയാണെങ്കിൽ അവന് ദൗർഭാഗ്യങ്ങളിൽ നിന്ന് ശരിയായ മോചനം ലഭിക്കുന്നു.

ആറ് ദിശകളെ സംരക്ഷിക്കുന്നതിലേയ്ക്കായിട്ട് ആറ് വാതിലുകളുടെ കതകുകൾ അടച്ചിടണം അവർ 'നാല് പ്രവൃത്തി' കളുടെ അശുദ്ധതയെ മാറ്റിക്കളയണം, 'നാല് തിന്മകൾ' ളിൽ നിന്ന് സംയമനം ശീലിക്കണം, ' ആറ് ദ്വാരങ്ങൾ' അടക്കണം അവ ഭവനത്തിനെയും വസ്തുവകകളെയും നശിപ്പിക്കുന്നതാകുന്നു.

'നാല് പ്രവൃത്തി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കൊല, മോഷണം, കളവ്, വ്യഭിചാരവും അസാന്മാർഗ്ഗിക പ്രവൃത്തികൾ എന്നിവയാണ്. ' നാല്

തിന്മകൾ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ആർത്തി, ദേഷ്യം, വിഡ്ഢിത്വം, ഭയം എന്നിവയാണ്. 'ആറ് ദ്വാരങ്ങൾ' എന്തുകൊണ്ടാണോ ധനനഷ്ടമുണ്ടായേക്കാവുന്നത്, അവ: മദ്യത്തിനുവേണ്ടിയുള്ള അത്യാഗ്രഹവും അതിനായുള്ള അസാധരണമായ പെരുമാറ്റവും; രാത്രിയിൽ വളരെനേരം ഉറക്കമിളച്ചിരിക്കുകയും അങ്ങനെ മനസ്സിനെ മടിപിടിപ്പിക്കുക; അധികമായി വിനോദങ്ങളിൽ ഏർപ്പെടുകയും തുടർന്ന് ചൂതുകളി, ചീത്തകൂട്ടുകെട്ട് എന്നിങ്ങനെയുള്ള കാര്യങ്ങൾ ജീവിതചര്യയായിമാറ്റി ഒരുവൻ അവന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുക തുടങ്ങിയവയാണ്.

ഈ നാല് ദോഷങ്ങളെ നിർമ്മാർജ്ജനം ചെയ്തശേഷം, നാല് തിന്മനിറഞ്ഞ മാനസികാവസ്ഥകളെ ഉപേക്ഷിച്ചിട്ട്, ആ ആറ് മാലിന്യം ഒഴുകിപ്പോകുന്ന ദ്വാരങ്ങളെ അടച്ചിട്ട്, യഥാർത്ഥ ബുദ്ധശിഷ്യന്മാർ ആറുദിശകളിൽ നിന്നുള്ള സത്യങ്ങളെ ഹൃദ്യമായി സ്വീകരിക്കുന്നു.

എന്താണ് ഈ ആറ് ദിശകളിൽ നിന്നുള്ള സത്യങ്ങൾ? അവ കിഴക്ക് ദിശയിൽ മാതാപിതാക്കളുടെയും കുട്ടികളുടെയും വഴിയെ സൂചിപ്പിക്കുന്നു, തെക്ക് ദിശ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വഴികളെ സൂചിപ്പിക്കുന്നു. പടിഞ്ഞാറ്, ഭാര്യാഭർത്താക്കന്മാരുടെ വഴികളെ സൂചിപ്പിക്കുന്നു, വടക്കെന്നത് ഒരു മനുഷ്യനെയും അവന്റെ സുഹൃത്തുക്കളെയും സൂചിപ്പിക്കുന്നു, താഴേയ്ക്കുള്ളത് ഒരു യജമാനനും അവന്റെ ഭൃത്യനെയും സൂചിപ്പിക്കുന്നു, മുകളിലേയ്ക്കുള്ള പാത ബുദ്ധോപദേശങ്ങൾ നൽകുന്ന ഗുരുക്കന്മാരുടെ ദിശയെ സൂചിപ്പിക്കുന്നു.

ആദ്യമായി മാതാപിതാക്കളുടെയും കുട്ടികളുടെയും വഴിയായ കിഴക്ക് ദിശയെപ്പറ്റി വിവരിക്കാം. കുട്ടികൾ അഞ്ച് കാര്യങ്ങൾ ചെയ്തുതീർക്കണം. ഒന്നാമതായി ഒരുവൻ അവന്റെ മാതാപിതാക്കന്മാരെ ശുശ്രൂഷിക്കണം, അവരുടെ കടമകളും മറ്റും ഏറ്റെടുത്ത് നടത്തണം, കുടുംബത്തിന്റെ മഹിമയും പേരും നിലനിർത്തണം, കുടുംബത്തിന്റെ സ്വത്ത് ഏറ്റെടുക്കണം, അതുപോലെ പൂർവ്വികരുടെ പേരിൽ മതപരമായി നിർദ്ദേശിച്ചിട്ടുള്ള പ്രാർത്ഥനകളും മറ്റും നടത്തണം.

അതിനു മറുപടിയായി മാതാപിതാക്കന്മാർ അഞ്ചുകാര്യങ്ങൾ കുട്ടികൾക്കായി നിറവേറ്റണം. മാതാപിതാക്കൾ സ്വയം തെറ്റുകൾ ചെയ്യരുത്, നല്ല പ്രവർത്തികളെ പ്രോത്സാഹിപ്പിക്കണം, കുട്ടികളെ നല്ല വിദ്യാഭ്യാസം ചെയ്യുവാനും തൊഴിൽ പരിശീലിപ്പിക്കുവാനും ശ്രമിക്കണം, അവരുടെ വിവാഹവും മറ്റും താല്പര്യപൂർവ്വം നടത്തികൊടുക്കണം. അതുപോലെ കുടുംബസ്വത്ത് അവർക്ക് ശരിയായ സമയത്ത് തുല്യമായി വീതിച്ചുകൊടുക്കുകയും ചെയ്യണം. ഈ കാര്യങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ മാതാപിതാക്കളുടെയും കുട്ടികളുടെയും ജീവിതം സമാധാനപൂർവ്വം അല്ലലില്ലാതെയും മുന്നോട്ടുപോകും.

അടുത്തതായി, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള വഴിയായ തെക്കുദിശയെപ്പറ്റി നോക്കാം. വിദ്യാർത്ഥി എപ്പോഴും അദ്ധ്യാപകർ വരുമ്പോൾ എഴുന്നേറ്റു നില്കണം, അദ്ധ്യാപകരുടെ ആവശ്യങ്ങൾ വേണ്ടവിധം ചെയ്തുകൊടുക്കണം, അദ്ധ്യാപകർ പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിക്കണം, അദ്ധ്യാപകർക്ക് ദക്ഷിണകൊടുക്കുവാൻ ഒരിക്കലും മറക്കരുത്, അതുപോലെ മുഖ്യമായി അദ്ധ്യാപകൻ പഠിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിക്കണം.

മറുപടിയായി അദ്ധ്യാപകൻ വിദ്യാർത്ഥികളെ തന്റെ പെരുമാറ്റങ്ങളിലൂടെയും പ്രവർത്തികളിലൂടെയും നല്ലരീതിയിൽ മാർഗ്ഗദർശനങ്ങൾ നല്കണം, അതുപോലെ അദ്ധ്യാപകൻ പഠിച്ചകാര്യങ്ങൾ താല്പര്യപൂർവ്വവും ആത്മാർത്ഥമായും പഠിപ്പിച്ചുകൊടുക്കണം. വിദ്യാർത്ഥികളെ അവർ പഠിച്ച കര്യങ്ങൾ ഓർമ്മിക്കുന്നതിനും മറ്റും ആവശ്യമായ പരിശീലന മാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കണം. വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസത്തിന് ചേർന്നരീതിയിൽ കിട്ടേണ്ട അംഗീകരവും തൊഴിലും മറ്റും കിട്ടുന്നതിന് ശ്രമിക്കുകയും സഹായിക്കുകയും ചെയ്യണം. ഇവയെല്ലാം ശ്രദ്ധിക്കുകയാണെങ്കിൽ തെക്കോട്ടുള്ളയാത്ര വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നല്ല രീതിയിൽ ഭവിക്കുകയും അതിലൂടെ ശാന്തിയും സമധാനവും നിലനിർത്തുവാൻ സാധിക്കുകയും ചെയ്യുന്നു.

അടുത്തതായി, ഭാര്യാഭർത്താക്കന്മാരുടെ ദിശയായ പടിഞ്ഞാറു ദിശയെക്കുറിച്ച് പറയുകയാണെങ്കിൽ, ഭാര്യയോട് ഭർത്താവ്

ബഹുമാനപൂർവ്വവും, ആദരവോടും, വിശ്വസ്തതയോടും പെരുമാറണം, അവളെ തീരുമാനങ്ങളെടുക്കുവാൻ അനുവദിക്കുകയും, അവൾക്ക് ഉപഹാരങ്ങളും മറ്റും നല്കി പ്രകീർത്തിക്കുകയും ചെയ്യണം. ഭാര്യ അവളുടെ കർത്തവ്യങ്ങൾ വേണ്ടവിധം നിർവ്വഹിക്കുകയും കുടുംബത്തിലുള്ളവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യണം. ഭർത്താവിനോട് എപ്പോഴും വിശ്വസ്തതയും, കുടുംബത്തിന്റെ സ്വത്ത് നല്ലപോലെ പരിപാലിക്കുകയും ചെയ്യണം. അത്രയും ചെയ്യുമ്പോൾ ഭാര്യയുടെയും ഭർത്താവിന്റെയും ജീവിതം പടിഞ്ഞാറു ദിശയിലേക്ക് ദുഃഖഭാരമില്ലാതെയും സുഗമമായും ശാന്തമായും മുമ്പോട്ടു പോകും.

തുടർന്ന്, വടക്കുദിശയിലേക്കുള്ള സുഹൃത്തുക്കളുടെ യാത്രയിൽ, ഒരു സുഹൃത്ത് മറ്റൊരുവന് അവന്റെ ആവശ്യങ്ങൾ അറിഞ്ഞ് അവനില്ലാത്തതും തനിക്കുള്ളതും നല്കി സഹായിക്കണം. ആദരപൂർവ്വവും സ്നേഹപൂർവ്വവും പെരുമാറണം, അടുത്തവന്റെ ക്ഷേമത്തിനായി നല്ലരീതിയിൽ സഹായങ്ങൾ നല്കണം, അതിനെപ്പറ്റി ചിന്തയുണ്ടായിരിക്കണം, മാത്രമല്ല സുഹൃത്തുക്കൾക്കിടയിൽ തമ്മിൽ തമ്മിൽ ആത്മാർത്ഥതയുണ്ടായിരിക്കണം.

സുഹൃത്തുക്കൾ തെറ്റായ മാർഗ്ഗത്തിൽ പോകുന്നതിനെ ഒരുവൻ തടഞ്ഞുനിർത്തണം, അവർ തെറ്റായ മാർഗ്ഗത്തിൽ സഞ്ചരിക്കുകയാണെങ്കിൽ അവരുടെ സ്വത്തിനെ സംരക്ഷിക്കുവാൻ ഒരു സുഹൃത്ത് ബാധ്യസ്ഥനാണ്. അവരെ കഷ്ടകാലത്തിൽ തന്നാലാകുന്ന രീതിയിൽ സഹായിക്കണം അതുപോലെ അവരുടെ കുടുംബാംഗങ്ങളെ ആവശ്യനേരത്ത് സഹായിക്കണം. അങ്ങനെയുള്ള കടമകൾ നിറവേറ്റുമ്പോൾ ഒരുവൻ അവന്റെ വടക്കുദിശയിലേയ്ക്കുള്ള യാത്ര സന്തോഷപ്രദവും സുഗമവുമാക്കും.

യജമാനനും ഭൃത്യനുമായി താഴേയ്ക്കുള്ള യാത്രയിൽ ഒരുവൻ, പ്രത്യേകിച്ച് യജമാനൻ അഞ്ചുകാര്യങ്ങൾ ഭൃത്യന്മാരെക്കുറിച്ച് ശ്രദ്ധിക്കേണ്ടതായുണ്ട്. ഭൃത്യന്മാരുടെ ക്ഷമതക്കനുസരിച്ച് അവർക്ക് ജോലികൾ അനുവദിച്ചുകൊടുക്കണം, നല്ല ഭക്ഷണവും നല്ലശമ്പളവും കൃത്യമായി നല്കണം. അവർ രോഗികളായിത്തീരുമ്പോഴും മറ്റും അവരെ സ്നേഹാദരങ്ങളോടെ സംരക്ഷിക്കുകയും അവർക്ക് നല്ലഭക്ഷണ പദാർത്ഥങ്ങളും മറ്റും ആവശ്യത്തിനു നല്കുകയും ആവശ്യനേരങ്ങളിൽ വിശ്രമവും മറ്റും അനുവദിച്ചു നല്കണം.

മറുപടിയായി ഭൃത്യന്മാർ താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് യജമാനനെ സേവിക്കണം. ഒന്നാമതായി രാവിലെ യജമാനൻ ഉണരുന്നതിനുമുമ്പ് ഉണരുകയും, വൈകുന്നേരം യജമാനൻ

ഉറങ്ങിയതിനുശേഷം ഉറങ്ങുകയും ചെയ്യണം, എല്ലാസമയത്തും വിശ്വസ്തനായിരിക്കണം, സ്വന്തം ജോലിയിൽ നൈപുണ്യം തെളിയിക്കണം, യജമാനന്റെ നല്ലപേരിന് കളങ്കം ഒരിക്കലും വരുത്തരുത്. ഇങ്ങനെയെല്ലാം ചെയ്യുകവഴി യജമാനന്റെയും ഭൃത്യന്റെയും താഴേയ്ക്കുള്ള യാത്ര സമാധാനപൂർവ്വവും സുഗമവുമായിരിക്കും. അവിടെ സന്തോഷം നിലനിൽക്കുകയും ദുഃഖം മാറിപ്പോകുകയും ചെയ്യും.

അടുത്തതായി, മുകളിൽ നിന്നുള്ള കാര്യങ്ങൾ പഠിപ്പിക്കുന്നവരെ സേവിക്കുന്നതിനുള്ള വഴികൾ, ഒരുവൻ അത്തരം സാരോപദേശങ്ങൾ നല്കുന്നവരെ തന്റെ വാക്കിലും പ്രവൃത്തിയിലും മനസ്സിലും വളരെ ബഹുമാനപൂർവ്വം മാത്രമെ വീക്ഷിക്കാവുള്ളു. ഒരുവൻ അത്തരം ഗുരുക്കന്മാരെ ഉപചാരപൂർവ്വം സ്വാഗതം ചെയ്യണം, അവരുടെ ഉപദേശങ്ങൾ ശ്രദ്ധയോടെ ശ്രവിക്കുകയും നിരീക്ഷിക്കുകയും ചെയ്യണം, അതുപോലെ അവർക്ക് ആവശ്യമായ ദക്ഷിണയും മറ്റും നല്കുകയും ചെയ്യണം.

മറിച്ച്, ഉപദേശങ്ങൾ നല്കുന്ന ഗുരുക്കന്മാർ തിന്മയെ ഉപേക്ഷിക്കുകയും, നന്മയെ വളർത്തിയെടുക്കുകയും, നിർമ്മലമായ ഹൃദയത്തോടെ കാരുണ്യം പ്രകടിപ്പിക്കുകയും, മാനുഷികമൂല്യങ്ങളെ യഥാർത്ഥരീതിയിൽ വിവരിച്ചുകൊടുക്കുകയും, കേഴ്‌വിക്കാരെ ഉപദേശങ്ങളുടെ അർത്ഥം നല്ലവണ്ണം വിവരിച്ചുകൊടുക്കുകയും, അങ്ങനെ മനുഷ്യരെ ശാന്തിയിലും സമാധാനത്തിലും ജീവിക്കുവാൻ പഠിപ്പിക്കുകയും ചെയ്യണം. മുകൾദിശയിൽ നിന്ന് ഉപദേശങ്ങൾ നല്കുന്നവരെ സേവിക്കുന്നത് ദുഃഖങ്ങളില്ലാതെ നിത്യമായി സമാധാനം നിലനിർത്തുന്നതിന് ഏറ്റവും അത്യാവശ്യമാണ്.

ഒരുവൻ ആറുദിശകളിലേയ്ക്കും തന്റെ ബഹുമാനം പ്രകടിപ്പിക്കുന്നുവെങ്കിൽ അവൻ ബാഹ്യമായ ദൗർഭാഗ്യങ്ങളിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനുവേണ്ടി ചെയ്യുന്നതല്ല, മറിച്ച് ഒരുവൻ അങ്ങനെ ചെയ്യുന്നത് ഒരുവന്റെ രക്ഷയ്ക്കും തിന്മകൾ അവന്റെ മനസ്സിൽ ഉണ്ടാകുന്നതിൽ നിന്ന് സംരക്ഷണം നേടുന്നതിനും വേണ്ടിയാണ്.

2. ഒരുവൻ അവന്റെ ചുറ്റുപാടുകളിലുള്ള ആളുകളുമായി ഇടപെടുമ്പോൾ അവരിൽ ആരുമായി ബന്ധം സ്ഥാപിക്കാമെന്നും ആരുമായി ബന്ധം സ്ഥാപിക്കാൻ പാടില്ലെന്നും മനസ്സിലാക്കണം.

ഒരിക്കലും സൗഹൃദം ഉണ്ടാക്കുവാൻ പടില്ലാത്തവർ: അഹങ്കാരികളും, കുതന്ത്രശാലികളും, അനാവശ്യമായി പുകഴ്ത്തുന്നവരും, അനാവശ്യമായി സമയം ചിലവഴിക്കുന്നവരും, വ്യർത്ഥമായി സംസാരിക്കുന്നവരുമാണ്.

ഒരുവന് ബന്ധം സ്ഥാപിക്കുവാൻ പറ്റിയവർ: ആരാണോ സഹായിക്കുവാൻ സന്നദ്ധത കാണിക്കുന്നുവോ, ആര് സന്തോഷവും ദുഃഖവും പങ്കുവെക്കുവാൻ തയ്യാറാകുന്നുവോ, ആര് നല്ല ഉപദേശങ്ങൾ നല്കുന്നുവോ, ആർക്കാണോ ആർദ്രതയുള്ള മനസ്സുള്ളത്, അവരെയൊക്കെയാണ്.

യാതൊരുവനുമായാണോ ധൈര്യപൂർവ്വം ബന്ധം സ്ഥാപിക്കാവുന്നത്, അവനാണ് ഒരു നല്ല സുഹൃത്ത്. അവൻ, എപ്പോഴും നല്ലരീതിയിൽ ചിന്തിക്കുകയും, സുഹൃത്തിന്റെ ക്ഷേമത്തെക്കുറിച്ച് തന്റെ ഉള്ളിന്റെയുള്ളിൽ വിഷമിക്കുയും, സുഹൃത്തിന്റെ ദൗർഭാഗ്യത്തിൽ സാന്ത്വനപ്പെടുത്തുകയും, അവന് കഷ്ടതവരുമ്പോൾ ഒരു സഹായ ഹസ്തവുമായി വരുന്നവനും, അവന്റെ രഹസ്യങ്ങൾ സൂക്ഷിക്കുന്നവനും, അവന് എപ്പോഴും നല്ല ഉപദേശങ്ങൾ നല്കുന്നവനുമാകുന്നു.

ഇതുപോലുള്ള ഒരു സുഹൃത്തിനെ കണ്ടുപിടിക്കുവാൻ വലിയ പ്രയാസമാണ്. അതുകൊണ്ട് ഒരുവൻ മറ്റുള്ളവർക്കായി ഇതുപോലുള്ള ഒരു സുഹൃത്തായിരിക്കുവാൻ ശ്രമിക്കണം. സൂര്യൻ ഭൂമിയെ തന്റെ കിരണങ്ങൾകൊണ്ട് പ്രകാശിപ്പിക്കുകയും ജീവൻ നിലനിർത്തുവാൻ സഹായിക്കുകയും ചെയ്യുന്നതുപോലെ, നല്ല മനുഷ്യർ അവരുടെ പ്രവർത്തനങ്ങളാൽ മറ്റു മനുഷ്യരെയും സമൂഹത്തെയും പ്രകാശിപ്പിക്കുന്നു

3. ഒരു പുത്രന് അവന്റെ മാതാപിതാക്കന്മാരോട് അവൻ അവരിൽ നിന്ന് സ്വീകരിച്ചിട്ടുള്ള കാരുണ്യത്തിന്റെ പ്രത്യുപകാരം, ഒരു നൂറുവർഷം അവൻ അവന്റെ പിതാവിനെ വലതുതോളിലും മാതാവിനെ ഇടതുതോളിലുമേറ്റി സംരക്ഷികയാണെങ്കിൽകൂടി തീരുന്നതല്ല.

അവൻ അവരിൽ നിന്ന് സ്വീകരിച്ചിട്ടുള്ള നന്ദിയുടെ പ്രത്യുപകാരം അവൻ തന്റെ മാതാപിതാക്കളുടെ ശരീരം ഒരു നൂറുവർഷം സുഗന്ധദ്രവ്യങ്ങൾ പൂശിയാലും, ഒരു സിംഹാസനം അവർക്കുവേണ്ടി ഒരുക്കിയാലും, ഒരു ഉത്തമ പുത്രനായി ജീവിച്ചാലും, ലോകത്തിലുള്ള എല്ലാ സുഖസൗകര്യങ്ങളും അവർക്കുവേണ്ടി നല്കിയാലും, നിറവേറുന്നതല്ല.

എന്നാൽ അവൻ അവന്റെ മാതാപിതാക്കളെ ബുദ്ധനിലേയ്ക്കടിപ്പിക്കുകയും ബുദ്ധോപദേശങ്ങൾ ശ്രവിക്കുവാൻ അനുവദിക്കുകയും, ജീവിതത്തിൽ തിന്മകലർന്ന മാർഗ്ഗങ്ങളെ ഉപേക്ഷിച്ച് നന്മയുടെ മാർഗ്ഗം തിരഞ്ഞെടുക്കുവാൻ പ്രോത്സാഹിപ്പിക്കുകയും, അത്യാഗ്രഹത്തിന്റെ രീതികളും മാർഗ്ഗങ്ങളുമുപേക്ഷിച്ച് നന്മയുടെ മാർഗ്ഗം തിരഞ്ഞെടുക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ആ പുത്രൻ തന്റെ മാതാപിതാക്കന്മാർക്ക് പ്രത്യുപകരം പൂർണ്ണമായി ചെയ്തു എന്ന് സംതൃപ്തിപ്പെടാം.

4. ഒരു കുടുംബത്തിൽ ജീവിക്കുന്ന ഒരോരുത്തരും മാനസികമായി അങ്ങോട്ടുമിങ്ങോട്ടും ബന്ധപ്പെടും. ആ മനസ്സുകൾ പരസ്പരം സ്നേഹിക്കുകയാണെങ്കിൽ, വീട് ഒരു ഉദ്യാനത്തിനു തുല്യമായി ശാന്തവും സുന്ദരവുമായിരിക്കും. എന്നാൽ ആ മനസ്സുകൾ ഒന്നിനൊടൊന്നു താളംതെറ്റി പ്രവർത്തിക്കുകയാണെങ്കിൽ, അത് ഒരു കൊടുംകാറ്റുപോലെ ആ ഉദ്യാനത്തെ ഇളക്കിമറിക്കും.

ഒരുവന്റെ കുടുംബത്തിൽ താളപിശകുകൾ വരുകയാണെങ്കിൽ, ഒരുവൻ മറ്റൊരുവനെ പഴിചാരരുത്, മറിച്ച് തന്റെ പക്കൽ എന്ത് തെറ്റാണ് ഉള്ളതെന്ന് മനസ്സിലാക്കി പരിഹാരം സ്വയം കാണുകയും ശരിയായ പാതകണ്ടുപിടിച്ച് അതിനെ മാറ്റുകയും ചെയ്യണം.

5. ഒരിക്കൽ ഒരിടത്ത് വളരെ വിശ്വാസിയായ ഒരു മനുഷ്യനുണ്ടായിരുന്നു. അയാളുടെ പിതാവ് മരിച്ചതിനുശേഷം മാതാവുമൊത്ത് സന്തോഷമായി ജീവിച്ചുവരുകയായിരുന്നു. അതിനുശേഷം അയാൾ വിവാഹം കഴിക്കുകയും ചെയ്തു.

ആദ്യകാലങ്ങളിൽ എല്ലാവരും സന്തോഷത്തോടെ ജീവിക്കുകയും, കുറച്ചുകാലങ്ങൾക്കു ശേഷം ചെറിയ തെറ്റുകുറ്റങ്ങളുടെ പേരിൽ ഭാര്യയും അമ്മയും തമ്മിൽ പിണങ്ങുകയും ചെയ്തു. അതിന്റെ ഫലമായി ആ മാതാവ് മകനെയും മരുമകളെയും പിരിഞ്ഞ് സ്വതന്ത്രമായി ജീവിക്കുവാൻ തീരുമാനിച്ചു.

മാതാവ് ആ വീടുവിട്ടതിനുശേഷം ആ വീട്ടിൽ ഒരാൺ കുഞ്ഞ് ജനിച്ചു. ഇതിനോടകം മരുമകൾ പറഞ്ഞത് എന്ന വിധത്തിലുള്ള ഒരു നാട്ടുവർത്തമാനം അവിടങ്ങളിൽ പരന്നു. അത് ആ മാതാവിന്റെ ചെവിലുമെത്തി : '' എന്റെ അമ്മായി അമ്മ എന്നെ എപ്പോഴും കഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയും അവർ ഞങ്ങളോടൊപ്പം ജീവിച്ചകാലങ്ങളിൽ ഞങ്ങൾക്ക് ഒരു നല്ല കാര്യവും സംഭവിക്കുകയോ ചെയ്തില്ല. എന്നാൽ അവർ ഈ വീട്ടിൽ നിന്ന് പുറപ്പെട്ടുപോയതിനപ്പുറം ഈ കുഞ്ഞുപിറന്നതു പോലെ ഇത്രയും നല്ലതും ശുഭകരവുമായ കാര്യം ഈ കുടുംബത്തിൽ നടന്നു.''

ഈ വർത്തമാനം ആ അമ്മ ശ്രവിക്കുകയും വികാരഭരിതയായി ഇങ്ങനെ വിലപിക്കുകയും ചെയ്തു: '' ഭർത്താവിന്റെ അമ്മയെ ആട്ടി പുറത്താക്കിയിട്ട് നല്ലകാര്യങ്ങൾ ഒരു കുടുംബത്തിൽ സംഭവിക്കുകയാണെങ്കിൽ, ഈ കാലത്തെ

ജീവിതത്തിൽ കാര്യങ്ങൾ വളരെ മോശമായ നിലക്കെത്തിയിരിക്കുന്നു. മാത്രമല്ല ന്യായമെന്നത് ഈ ലോകത്തിൽ നിന്ന് തുടച്ചുനീക്കപ്പെട്ടിരിക്കുന്നു.''

അതിനുശേഷം ആ അമ്മ ഇങ്ങനെ ആക്രോശിച്ചു, '' ഇപ്പോൾ തന്നെ നമുക്ക് ന്യായത്തിന്റെ മരണശേഷമുള്ള ചരമക്രിയകൾ നടത്തണം.'' ഒരു ഭ്രാന്തിയെപ്പോലെ അവരോടി ഒരു ശ്മശാനത്തിൽ ചെന്ന് ചടങ്ങുകൾ നടത്തുവാൻ ഏർപ്പാടുചെയ്തു.

ദേവന്മാരുടെ രാജാവായ ഇന്ദ്രൻ ഈ വാർത്ത കേൾക്കുകയും, ആ സ്ത്രീയുടെ മുന്നിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു, എന്നിട്ട് അവരോട് കാര്യങ്ങൾ വിശദീകരിക്കുവാൻ ശ്രമിച്ചു എന്നാൽ അത് വ്യർത്ഥമായി ഭവിക്കുകയും ചെയ്തു.

തുടർന്ന് ഇന്ദ്രൻ അവളോട് ഇങ്ങനെ പറഞ്ഞു, '' അങ്ങനെയാണെങ്കിൽ ഞാൻ ആ കുട്ടിയെയും മാതാവിനെയും തീയിട്ട് നശിപ്പിക്കും. അത് നിന്നെ സംതൃപ്തയാക്കുമോ? ''

ഇതുകേട്ട ആ അമ്മ തന്റെ തെറ്റു മനസ്സിലാക്കുകയും, അവളതിന് മാപ്പുപറയുകയും, അതിനുശേഷം തന്റെ പേരക്കുട്ടിയുടെയും അവന്റെ മാതാവിന്റെയും രക്ഷയ്ക്കും ക്ഷേമത്തിനുമായി കേണപേക്ഷിക്കുകയും ചെയ്തു. അതേസമയം ആ മകനും മരുമകളും സ്വന്തം അമ്മയോടു ചെയ്ത തെറ്റ് മനസ്സിലാക്കുകയും അവരെ കൂട്ടികൊണ്ടുവരുന്നതിന് ശ്മശാനത്തിലേയ്ക്ക് ചെല്ലുകയും അവിടെവെച്ച് ഇന്ദ്രൻ അവരെ സമാധാനിപ്പിക്കുകയും ചെയ്തു. അതിനുശേഷം അവർ ഒരു കുടുംബമായി സുഖമായി ജീവിച്ചു.

ന്യായവും നീതിയും ഒരിക്കലും ഭൂമിയിൽ നിന്ന് മാറിപ്പോകുന്നില്ല. അല്ലെങ്കിൽ ഒരുവൻ അതിനെ ബലമായി മാറ്റി നിർത്തണം. എന്നാൽ നീതി കുറച്ചുകാലത്തേയ്ക്ക് മാറിപ്പോകുന്നതായി തോന്നിയേക്കാം, എന്നാൽ അത് ഒരിക്കലും നഷ്ടപ്പെടുന്നില്ല. അത് ഒരുവന്റെ മനസ്സിൽ നിന്ന് നന്മയും ന്യായബോധവും മാറിപ്പോകുമ്പോൾ മാത്രം അത് മറഞ്ഞു നിൽക്കുന്നതായി തോന്നുന്നു.

സമചിത്തതയില്ലാത്ത മനസ്സുകൾ എപ്പോഴും കഷ്ടകാലം ഉണ്ടാക്കിക്കൊണ്ടുവരുന്നു. ഒരു സാധാരണ തെറ്റിദ്ധാരണ വലിയ ദുരന്തങ്ങളിൽ കലാശിക്കുന്നു. അത് കുടുംബജീവിതത്തിന്റെ കാര്യത്തിൽ തികച്ചും അർത്ഥവത്താണ്.

6. കുടുംബജീവിതത്തിൽ എങ്ങനെ ഒരുവൻ അവന്റെ ദൈനംദിന ചിലവുകൾ നടത്തുന്നുവെന്നത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. കുടുംബത്തിലെ ഓരോവ്യക്തിയും ഉറുമ്പിനെപ്പോലെയും തേനീച്ചകളെപ്പോലെയും ആത്മാർത്ഥമായും ശ്രദ്ധയോടും ജോലിചെയ്യണം. ശരീരശേഷിയുള്ള ഓരോരുത്തനും മറ്റൊരുവന്റെ പ്രയത്നഫലത്തെ ആശ്രയിക്കുകയോ അല്ലെങ്കിൽ ആരുടെയെങ്കിലും ദാക്ഷിണ്യത്തെ തേടുകയോ ചെയ്യരുത്.

എന്നിരിക്കിലും, ഒരുവൻ സ്വയം സമ്പാദിച്ച സ്വത്തും വസ്തുക്കളും അവന്റേതു മാത്രമായി കണക്കാക്കരുത്. ഒരുഭാഗം മറ്റുള്ളവരുമായി പങ്കുവെക്കുന്നതും, മറ്റൊരുഭാഗം അത്യാവശ്യങ്ങൾക്കുവേണ്ടി നീക്കിവെക്കുന്നതും, വേറൊരുഭാഗം സമൂഹത്തിന്റെ ക്ഷേമത്തിനായി ചിലവഴിക്കുന്നതും, ഒരു ഭാഗം മതപരമായ കാര്യങ്ങൾക്കും ഗുരുക്കന്മാരുടെ ക്ഷേമത്തിനായും മാറ്റിവെക്കണം.

ഒരുവൻ എപ്പോഴും മനസ്സിൽ ഒരു കാര്യം ഓർക്കണം. ഈ ലോകത്തിൽ ഒന്നും തന്നെ കർക്കശമായി ''എന്റേത്'' എന്നുപറയുവാൻ യോഗ്യമല്ല.

എന്തെങ്കിലും ഒരുവ്യക്തിയിലേക്ക് വരുകയാണെങ്കിൽ അത് ചില കാരണങ്ങളുടെയും വസ്തുതകളുടെയും തുലനീകരണത്തിന്റെയും സമീകരണത്തിന്റെയും ഫലമാണ്; അതിനാൽ അവ താൽക്കാലികമായി സൂക്ഷിക്കുവാനേ ഒരുവനവകാശമുള്ളൂ, മാത്രമല്ല, അത്തരം സ്വത്തും പണവും ഒരിക്കലും ഒരുവന്റെ വ്യക്തിപരമായ സുഖത്തിനും അനാവശ്യമായ കാര്യങ്ങൾക്കുമായി ചിലവഴിക്കരുത്.

7. ഉദയന രാജാവിന്റെ രാജ്ഞി ബുദ്ധശിഷ്യനായ ആനന്ദക്ക് അഞ്ഞൂറ് വസ്ത്രങ്ങൾ നല്കിയപ്പോൾ ആനന്ദ അത് വളരെ സന്തോഷപൂർവ്വം സ്വീകരിച്ചു.

രാജാവ് ഈ വിവരമറിയുകയും ആനന്ദയുടെ വിശ്വസ്തതയിൽ സംശയാലുവാകുകയും, തുടർന്ന് അദ്ദേഹം ആനന്ദയുടെ അടുത്ത് ചെല്ലുകയും ആ അഞ്ഞൂറ് വസ്ത്രങ്ങൾ എന്തിനു വേണ്ടി ഉപയോഗിക്കുമെന്ന് ചോദിക്കുകയും ചെയ്തു.

ആനന്ദ അതിനു മറുപടിയായി ഇങ്ങനെ പറഞ്ഞു: '' രാജാവേ! നമ്മുടെ പല സഹോദരന്മാരും കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമായാണ് ജീവിക്കുന്നത്; ആ സഹോദരന്മാർക്കായി ഈ വസ്ത്രങ്ങൾ ഞാൻ വിതരണം ചെയ്യുവാൻ പോകുകയാണ്.''

'' നിങ്ങൾ ഈ പഴയ വസ്ത്രങ്ങൾകൊണ്ട് എന്തുചെയ്യും ?''
'' ഞങ്ങൾ അവകൊണ്ട് മെത്തകൾക്ക് ഉറകൾ തയ്ക്കും.''
'' നിങ്ങൾ ഈ മെത്ത ഉറകൾകൊണ്ട് എന്തു ചെയ്യും?''
'' ഞങ്ങൾ തലയിണയുറകൾ ഉണ്ടാക്കും.''
'' നിങ്ങൾ പഴയ തലയിണയുറകൾകൊണ്ട് എന്തു ചെയ്യും?''
'' ഞങ്ങൾ അവയിൽ നിന്ന് പരവതാനികളുണ്ടാക്കും.''
'' നിങ്ങൾ ഈ പഴയ പരവതാനികൾ കൊണ്ട് എന്തുണ്ടാക്കും?''
'' ഞങ്ങൾ അവ കാലുതുടക്കുവാനുപയോഗിക്കും.''
'' നിങ്ങൾ ഈ പഴയ കാലുറുമാലുകൾകൊണ്ട് എന്തുചെയ്യും?''
'' ഞങ്ങൾ അവ തറ തുടക്കുവാനുപയോഗിക്കും.''
'' നിങ്ങൾ ഈ പഴയ തുടപ്പകളെ എന്തുചെയ്യും?''
'' രാജാവേ! ഞങ്ങൾ അവയെ ചെറിയ കഷ്ണങ്ങളായി കീറി മണ്ണുമായി കുഴച്ച് വീടുകളുടെ ഭിത്തി മെഴുകുവാനുപയോഗിക്കും.''

ഞങ്ങളെ ഏൽപിച്ച എല്ലാ വസ്തുക്കളും വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടും ഉപയോഗിക്കുകയും ചെയ്യും. എന്തെന്നാൽ അവ ''ഞങ്ങളുടെ'' അല്ല, പക്ഷെ അവയെ താൽക്കാലികമായി ഞങ്ങളിൽ ഉപയോഗിക്കുവാൻ ഏൽപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

8. ഭാര്യാഭർത്താക്കന്മാരുടെ ബന്ധം ഉണ്ടാക്കിയിരിക്കുന്നത് അവരുടെ സുഖത്തിനുവേണ്ടി മാത്രമല്ല. രണ്ടു മനുഷ്യശരീരങ്ങൾ ഒരു ഭവനത്തിൽ ജീവിക്കുന്നുവെന്നതിലുപരിയായി ആ ബന്ധത്തിന് ഒരു ആന്തരികമായ അർത്ഥതലമുണ്ട് . ഭാര്യയും ഭർത്താവും അവരുടെ ആത്മബന്ധത്തിന്റെ മൂല്യവും മുൻതൂക്കവും ശരിക്കും മനസ്സിലാക്കി, അതിൽ നിന്ന് മറ്റുള്ളവരെ ബുദ്ധോപദേശങ്ങളുടെ പാതയിൽ നയിക്കുവാൻ സഹായിക്കണം.

'' ആദർശ ദമ്പതികൾ'' എന്നറിയപ്പെട്ടിരുന്ന ഒരു വൃദ്ധദമ്പതികൾ ഒരിക്കൽ ശ്രീബുദ്ധനെ കാണുകയും തങ്ങളുടെ ഒരാവശ്യം ഉണർത്തിക്കുകയും ചെയ്തു: ''പ്രഭോ! ഞങ്ങൾ ചെറുപ്പം മുതലറിയുകയും അതിനുശേഷം കല്യാണം കഴിക്കുകയും ചെയ്തു. നാളിന്നുവരെ ഞങ്ങളുടെ ജീവിതത്തിൽ അസംതുഷ്ടിയോ

കലഹമോ ഉണ്ടായിട്ടില്ല. ഞങ്ങൾക്ക് അടുത്ത ജന്മത്തിലും ഭാര്യാഭർത്താക്കന്മാരായി ജീവിക്കുവാൻ സാധിക്കുമോ?''

ശ്രീബുദ്ധൻ അവർക്ക് ഈ സാരോപദേശം നല്കി: '' നിങ്ങൾ ശരിക്കും യഥാർത്ഥ വിശ്വാസികളാണെങ്കിൽ, നിങ്ങൾ യഥാർത്ഥത്തിൽ ഉപദേശങ്ങളുടെ പൊരുൾ ഒരുപോലെ മനസ്സിലാക്കുകയാണെങ്കിൽ, നിങ്ങൾ ഒരുപോലെ ദാനധർമ്മങ്ങൾ നിർവ്വഹിക്കുകയും ഒരേതരത്തിലുള്ള ജ്ഞാനം നേടുകയും ചെയ്യുകയാണെങ്കിൽ, നിങ്ങൾക്ക് ഇപ്പോഴത്തെപ്പോലെ ഒരേ മാനസികാവസ്ഥ അടുത്ത ജന്മത്തിലുമുണ്ടാകുകയും ചെയ്യും.''

9. ജ്ഞാനത്തിലേയ്ക്കുള്ള മാർഗ്ഗത്തിൽ സ്ത്രീപുരുഷ വ്യത്യാസമില്ല. ഒരു സ്ത്രീ ജ്ഞാനമാർഗ്ഗത്തിൽ നിർവ്വാണം സാധിക്കുവാൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ അതിൽ അവൾ സത്യത്തിന്റെ പാതയിൽ വിജയിച്ച് ഒരു ധീരയെന്നറിയപ്പെടും.

അയോദ്ധ്യയിലെ രാജാവായിരുന്ന പ്രസേനജിത് രാജാവിന്റെ പുത്രിയായ മല്ലികയെന്ന യുവതി അങ്ങനെയൊരു ധീരവനിതയായിരുന്നു. അവൾക്ക് അനുഗ്രഹീതമായ ബുദ്ധവചനങ്ങളിൽ അസാധാരണമായ വിശ്വാസമുണ്ടായിരുന്നു. അവൾ ബുദ്ധസാമീപ്യത്തിൽ എത്തുകയും താഴെപ്പറയുന്ന രീതിയിൽ പത്ത് ശപഥങ്ങൾ എടുക്കുകയും ചെയ്തു :

'' പ്രഭോ! ഞാൻ ജ്ഞാനം സിദ്ധിക്കുന്നതുവരെ ഒരിക്കലും ദിവ്യോപദേശങ്ങളെ തെറ്റിക്കുകയില്ല; ഒരിക്കലും എന്നെക്കാൾ പ്രായമുള്ളവരോട് ദേഷ്യഭാവത്തോടെ പെരുമാറുകയില്ല. അതുപോലെ ഞാനാരോടും ദേഷ്യപ്പെടുകയില്ല.''

'' ഞാൻ ആരോടും അസൂയപ്പെടുകയോ അല്ലെങ്കിൽ ആരുടെയെങ്കിലും ഉയർച്ചകണ്ട് ഈർഷ്യപ്പെടുകയോ ചെയ്യുകയില്ല.; ഞാൻ സ്വത്തിന്റെ കാര്യത്തിലോ അല്ലെങ്കിൽ സ്വന്തം കാര്യത്തിലോ സ്വാർത്ഥത കാണിക്കുകയില്ല; ഞാൻ പാവങ്ങളെ എന്റെ കൈയ്യിലുള്ള വസ്തുക്കൾകൊണ്ട് സന്തോഷപ്പെടുത്തുവാനും അവയെ എല്ലാവർക്കും തുല്യമായി വീതിച്ചുകൊടുക്കുവാനും ശ്രമിക്കും.''

'' ഞാൻ എല്ലാമനുഷ്യരെയും വിനയഭാവത്തോടെ സ്വീകരിക്കുകയും, അവർക്ക് വേണ്ടതുചെയ്തു കൊടുക്കുകയും, കരുണയോടെ സംസാരിക്കുകയും,

എന്റെ സൗകര്യങ്ങൾ കാര്യമാക്കാതെ അവർക്ക് ആവശ്യമായി സൗകര്യങ്ങൾ ചെയ്തുകൊടുക്കും, മാത്രമല്ല അക്കാര്യങ്ങൾ യാതൊരുവിധ വ്യത്യാസങ്ങളും നോക്കാതെ തുല്യമായി എല്ലാവർക്കും ഒരേപോലെ ചെയ്തുകൊടുക്കും.''

'' ഞാൻ ആരെയെങ്കിലും ഏകാന്തതയിലോ, തടവറയിലോ, രോഗങ്ങളാൽ കഷ്ടപ്പെടുന്നതായോ കൂടാതെ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ ദുഃഖിക്കുന്നതായോ കണ്ടാൽ,അവക്കാധാരമായ കാര്യകാരണങ്ങൾ വിവരിക്കുക വഴി, ഞാനവരെ ആ ബുദ്ധിമുട്ടിൽ നിന്ന് രക്ഷിച്ച് സന്തോഷം പുനഃസ്ഥാപിക്കുവാനും ശ്രമിക്കും.''

'' ആരെങ്കിലും ജീവനുള്ള മൃഗങ്ങളെ പിടിക്കുകയോ അവയെ ഉപദ്രവിക്കുകയോ, അല്ലെങ്കിൽ അവയോട് ക്രൂരമായി പെരുമാറുന്നതോ തുടങ്ങിയ ധർമ്മത്തിന് നിരക്കാത്ത കാര്യങ്ങൾ ചെയ്യുന്നതോ കാണ്ടാൽ, അവർ ശിക്ഷാർഹരാണെങ്കിൽ ഞാനവരെ ശിക്ഷിക്കും, അവർ ഉപദേശം കൊണ്ട് നേരെയാകുമെങ്കിൽ അങ്ങനെ ചെയ്യും, അതിനുശേഷം എന്നാലാവുന്നവിധത്തിൽ അവർ ചെയ്തനാശത്തിന് പരിഹാരം കണ്ടുപിടിച്ച് നിവിർത്തീകരിയ്ക്കും.''

'' ഞാനൊരിക്കലും ശരിയായ ഉപദേശങ്ങൾ ചെവിക്കൊള്ളാതിരിക്കുകയില്ല, എന്തെന്നാൽ ഒരുവൻ സത്യോപദേശം ലംഘിക്കുകയോ ശ്രദ്ധിക്കാതിരിക്കുകയോ ചെയ്യുമ്പോൾ അവൻ വളരെ വേഗം എല്ലയിടത്തിലും ഒരുപോലെ നിലനിൽകുന്ന  സത്യത്തിൽ നിന്ന് വ്യതിചലിക്കുകയും നിർവ്വാണത്തിന്റെ തീരത്തിൽ എത്തിച്ചേരാതിരിക്കുകയും ചെയ്യും. ''

അതിനുശേഷം അവൾ താഴെപ്പറയുന്നവിധത്തിൽ പാവങ്ങളെ സാഹയിക്കുന്നതിനായിട്ട് മൂന്ന് ആഗ്രഹങ്ങൾ കൂടി പ്രകടിപ്പിച്ചു:  '' ആദ്യമായി, ഞാൻ എല്ലാവരേയും സമാധാനിപ്പിയ്ക്കുവാൻ ശ്രമിക്കും. ഞാൻ ഇനി ഏതു ജന്മം എടുത്താലും ആജീവിതങ്ങളിലെല്ലാം നന്മയുടെ ആധാരം സാരോപദേശങ്ങളും പ്രജ്ഞയുമായിരിക്കും.''

'' രണ്ടാമതായി, ഞാൻ സാരോപദേശങ്ങളും പ്രജ്ഞയും നേടിക്കഴിഞ്ഞാൽ,  വിശ്രമമില്ലാതെ എല്ലാവരെയും നന്മയുടെ മാർഗ്ഗം പഠിപ്പിക്കും.''

'' മുന്നാമതായി, ഞാൻ സത്യോപദേശങ്ങൾ ഏതുവിധത്തിലും സംരക്ഷിക്കും ആശ്രമത്തിൽ എന്റെ ജീവനോ ശരീരമോ വസ്തുവകളോ നഷ്ടമാകുമെങ്കിൽ പോലും ഞാനാ ശ്രമത്തിൽ നിന്ന് പിന്മാറുകയില്ല.''

കുടുംബജീവിതത്തിന്റെ യഥാർത്ഥ മൂല്യമെന്നത് പരസ്പരം ഒരോരുത്തരും മറ്റുള്ളവരെ നിർവ്വാണത്തിന്റെ മാർഗ്ഗത്തിൽ പ്രോത്സാഹിപ്പിക്കുകയെന്നതാണ്. ഒരു സ്ത്രീക്ക് നിർവ്വാണം സാധ്യമാക്കുന്നതിൽ താല്പര്യവും അതിനായി ശ്രമിക്കുവാൻ മല്ലികയെപ്പോലെ മാനസികമായ ഒരുക്കവും പ്രയത്നം ചെയ്യുവാനുള്ള അതിയായ താല്പര്യവുമുണ്ടെങ്കിൽ അവൾക്ക് ജ്ഞാനം സിദ്ധിക്കുവാനും നിർവ്വാണം പ്രാപിക്കുവാനും സാധിക്കും.

## അദ്ധ്യായം രണ്ട്

# ബുദ്ധരാജ്യത്തിന്റെ നിർമ്മാണം

### I
### സഹോദര സംഘത്തിന്റെ ഒത്തൊരുമ

1. ഒരു മരുപ്രദേശത്ത് പല ജീവജാലങ്ങൾ കൂരിരുട്ടത്ത് കാഴ്ചയില്ലാതെ അങ്ങോട്ടുമിങ്ങോട്ടുമലഞ്ഞുതിരിയുന്നതിനെപ്പറ്റി ഒന്നാലോചിച്ചു നോക്കൂ.

സാധാരണയായി അവ ഭയചകിതരും അന്യോന്യം തിരിച്ചറിയാതെ രാത്രിയുടെ ഇരുട്ടിൽ ഓടി നടക്കുകയും ചെയ്യും, അവിടെ ഏകാന്തതയും ഇടക്കിടെ അവിചാരിതമായി ഏറ്റുമുട്ടലുകളുമുണ്ടാകും. ഇരുട്ടിലലയുന്ന ഈ കാര്യം യഥാർത്ഥത്തിൽ ഒരു ദാരുണമായ കാര്യമാണ്.

ആ സമയത്ത് ഒരു മുതിർന്ന വ്യക്തി ഒരു വെളിച്ചവുമായി അവിടേയ്ക്ക് വരുന്നുവെന്ന് വിചാരിക്കുക, അപ്പോൾ അവിടം പ്രകാശഭരിതമാകുകയും ഇരുട്ടിൽ മറഞ്ഞിരുന്നതെല്ലാം വ്യക്തമായി കാണുവാനും സാധിക്കും.

ഇരുട്ടിൽ ഏകാന്തമായി ജീവിക്കുന്ന ജീവജാലങ്ങൾ വലിയ ആശ്വാസത്തോടെ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും അവ സന്തോഷത്തോടെ തങ്ങളുടെ സൗഹൃദം പങ്കുവെക്കുകയും ചെയ്യും.

ഇവിടെ വിവരിച്ച മരുപ്രദേശമെന്നത് ഭൂമിയിലെ മനുഷ്യജീവിതവും അജ്ഞതയാകുന്ന അന്ധതയിൽ അത് അലയുമ്പോഴുള്ള അവസ്ഥയെയും സൂചിപ്പിക്കുന്നു. ആരുടെ മനസ്സിലാണോ പ്രജ്ഞയും ജ്ഞാനവുമില്ലാത്തത് അവർ ഭയചകിതരായി ഏകാകികളായി അന്ധരെപ്പോലെ അലഞ്ഞുതിരിയുന്നു. അവർ ഏകാകികളായി ജനിക്കുകയും ഏകാകികളായി മരിക്കുകയും ചെയ്യുന്നു; അവർക്ക് അവരുടെ അയൽവാസികളുമായി ഒരുമയിലും സഹവർത്തിത്വത്തിലും സമാധാനമായി ജീവിക്കുവാൻ സാധിക്കുകയില്ല, അങ്ങനെ അവർ എല്ലാം നഷ്ടപ്പെട്ടവരും പ്രകൃത്യാ ഭയം അടിസ്ഥാനമായുള്ളവരുമായിത്തീരുന്നു.

**ബുദ്ധരാജ്യത്തിന്റെ നിർമ്മഫണം**

വെളിച്ചവുമായി വരുന്ന മുതിർന്നവ്യക്തിയെന്നത് മനുഷ്യരൂപം എടുത്തിട്ടുള്ള ബുദ്ധനെ സൂചിപ്പിക്കുന്നു, അദ്ദേഹത്തിന്റെ പ്രജ്ഞയും കാരുണ്യവും ഈ ലോകത്തിനെ പ്രകാശിപ്പിക്കുന്നു.

ആ പ്രകാശത്തിന്റെ ജ്യോതിസ്സിൽ മനുഷ്യർ അവരേയും അവർക്കു ചുറ്റുമുള്ള മറ്റുള്ളവരേയും കാണുകയും. മനുഷ്യരുമായി നല്ല ബന്ധത്തിൽ ഏർപ്പെടുന്നതിനും സൗഹൃദം പങ്കിടുന്നതിനും അതുപകരിക്കുകയും ചെയ്യുന്നു.

ആയിരക്കണക്കിനാളുകൾ സമൂഹത്തിൽ ജീവിക്കുന്നുണ്ടെങ്കിലും അവരിൽ കാരുണ്യവും സഹതാപവും ധാരാളമുണ്ടാകുന്നതുവരെ, അത് അവർ തമ്മിലുള്ള നല്ലബന്ധത്തിന് നാന്ദിയാകുന്നില്ല.

ഒരു യഥാർത്ഥ സമൂഹമെന്നാൽ പ്രജ്ഞയും വിശ്വാസവും പ്രകാശിക്കുന്നതായിരിക്കണം, അത് മനുഷ്യന്റെ വികാരങ്ങളെ ബഹുമാനിക്കുകയും അവിടെ മനുഷ്യർ അന്യോന്യം വിശ്വസിക്കുകയും ഒത്തൊരുമയിൽ ജീവിക്കുകയും ചെയ്യും.

യഥാർത്ഥത്തിൽ ഒത്തൊരുമയും പരസ്പര വിശ്വാസവുമാണ് ഒരു നല്ല സമൂഹത്തിന്റെയോ സ്ഥാപനത്തിന്റെയോ അടിത്തറ.

2. മൂന്നുവിധം സ്ഥാപനങ്ങളുണ്ട്: ആദ്യമായി അധികാരത്തെ, സമ്പത്തിനെ അല്ലെങ്കിൽ നേതാക്കന്മാരുടെ നിയന്ത്രണത്തെ അടിസ്ഥാനപ്പെടുത്തിയുള്ളവ.

രണ്ടാമതായി, അംഗങ്ങളുടെ സൗകര്യത്തെ ആസ്പദമാക്കി സ്ഥാപിച്ചിട്ടുള്ളവ. അവയുടെ നിലനിൽപിന്റെ ആധാരം അംഗങ്ങളുടെ താല്പര്യം

നിലനിൽക്കുന്നതുവരെ മാത്രം നിലനിൽക്കുന്നു. അനാവശ്യമായി അംഗങ്ങൾ തമ്മിൽ കലഹിക്കരുത്, കലഹം അവയെ നശിപ്പിക്കും.

മൂന്നമതായുള്ളവ ഏതെങ്കിലും നല്ല ഉപദേശങ്ങളെ ആധാരപ്പെടുത്തിയിട്ടുള്ളവയാണ്. ആ ഉപദേശങ്ങൾ അത്തരം സ്ഥാപനങ്ങളുടെ അച്ചുതണ്ടുകളായി വർത്തിക്കുന്നു ഒത്തൊരുമ അവയുടെ ജീവാത്മാവായിരിക്കും.

തീർച്ചയായും മൂന്നാമത്തെ അല്ലെങ്കിൽ അവസാനം വിവരിച്ച സ്ഥാപനമാണ് നിരന്തരമായി നിലനിൽക്കുന്നത്, അവിടെ അംഗങ്ങൾ ഒരേവിശ്വാസത്തെ പിൻതുടർന്ന് ജീവിക്കുകയും ആ ചൈതന്യത്തിൽ നിന്നും ഒത്തൊരുമയിൽ നിന്നും നന്മ ഉരുത്തിരിഞ്ഞുവരുകയും ചെയ്യും. അത്തരം സ്ഥാപനങ്ങൾ കാലത്തെ അതിജീവിച്ച് നിലനിൽക്കുകയും ഒത്തൊരുമയും സന്തുഷ്ടിയും സന്തോഷവും നീണ്ടകാലം നിലനിൽക്കുകയും ചെയ്യും.

ജ്ഞാനമെന്നത് ഒരു മഴയിൽനിന്ന് ആരംഭിക്കുന്ന നദിയോട് ഉപമിക്കാം. മഴ മലനിരകളിൽ വർഷിക്കപ്പെടുകയും ചെറിയ ചെറിയ അരുവികളായി ഉത്ഭവിക്കുകയും, അവഒഴുകിച്ചേർന്ന് ചെറിയ കൈവഴികളായി മാറി ഒരു നദിയാകുകയും അങ്ങനെ ഒരു നദിയുടെ രൂപത്തിൽ ഒഴുകി അവസാനം വലിയ ഒരു സാഗരത്തിൽ ചെന്ന് അവസാനിക്കുകയും ചെയ്യും.

സാരോപദേശങ്ങൾ ജനസാമാന്യത്തിന്റെ ഇടയിൽ ഒരുപോലെ യാതൊരു വ്യവസ്ഥയും സാഹചര്യഭേദവുമില്ലാതെ എത്തിച്ചേരും. ആര് അവയെ സ്വീകരിക്കുന്നുവോ അവർ ചെറിയ കൂട്ടങ്ങളായി മാറുകയും, തുടർന്ന് സ്ഥാപനങ്ങളായും പിന്നീട് സമൂഹങ്ങളായും അവസാനം നിർവ്വാണമാകുന്ന മഹാസാഗരത്തിൽ എത്തിച്ചേരുകയും ചെയ്യും.

ആ അംഗങ്ങളുടെ മനസ്സ് പാലും വെള്ളവുംപോലെ സർവ്വസാധാരണമായി ഒത്തുചേരുകയും അങ്ങനെ അവർ ഒരു മഹാസ്ഥാപനമായി ചേർന്ന് സാഹോദര്യത്തിന്റെ ഒരു പ്രസ്ഥാനമായി തീരുകയും ചെയ്യുന്നു.

അതിനാൽ ഇവിടെ വിവരിച്ചപോലെ യഥാർത്ഥവും സത്യവുമായ ഉപദേശങ്ങളാണ് ഒരു ഉത്തമസ്ഥാപനത്തിന് നിലനില്ക്കുവാനായുള്ള

അടിസ്ഥാന ആണിക്കല്ല്. അതാണ് മനുഷ്യർക്ക് അങ്ങോട്ടുമിങ്ങോട്ടും മനസ്സിലാക്കാനുള്ള പ്രകാശവും, ബുദ്ധിമുട്ടുകൾ അങ്ങോട്ടുമിങ്ങോട്ടും പങ്കുവെക്കുന്നതിനും, സംശയങ്ങളും അവിശ്വാസങ്ങളും മാറ്റുന്നതിനും അത് വളരെ ഉപകരിക്കും.

ബുദ്ധോപദേശങ്ങളെ ആസ്പദമാക്കിയുള്ള ഉത്തമമായ ഒരു സ്ഥാപനമാണ് ബുദ്ധോപദേശ വിശ്വാസികളുടെയും ബുദ്ധശിഷ്യരുടെയും സഹോദര സംഘം.

അവർ ആ സാരോപദേശങ്ങളിൽ വിശ്വസിക്കുകയും അവരുടെ മനസ്സുകളെ അതിനനുസരണമായി ചിട്ടപ്പെടുത്തുകയും ചെയ്യണം. തത്വത്തിൽ സംഘം എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് എന്നാൽ ഒരേ മതവിശ്വാസമുള്ളവരാണ് അതിലെ അംഗങ്ങൾ.

3. ബുദ്ധസംഘങ്ങളിൽ രണ്ടുവിധത്തിലുള്ള അംഗങ്ങൾ ഉണ്ടാകും- ഒരു വിഭാഗം സാധാരണ വിശ്വാസികളെ പഠിപ്പിക്കുന്നവരും, മറ്റുള്ളവർ ഗുരുക്കന്മാർക്കായി വേണ്ട സഹായങ്ങൾ എത്തിക്കുന്നവരും ആയിരിക്കും. അത്തരം സഹായങ്ങൾ ഭക്ഷണമായും വസ്ത്രങ്ങളായും മറ്റും നല്കപ്പെടും. അവർ എല്ലാവരും ചേർന്ന് ബുദ്ധോപദേശങ്ങളുടെ പ്രചാരം നടത്തുന്നു.

തുടർന്ന് സംഘത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് അംഗങ്ങളുടെ ഇടയിൽ പൂർണ്ണ യോജിപ്പും മറ്റും ഉണ്ടാക്കി തീർക്കണം. ഗുരുക്കന്മാർ അംഗങ്ങളെ പഠിപ്പിക്കുകയും, അംഗങ്ങൾ ഗുരുക്കന്മാരെ ബഹുമാനിക്കുകയും ചെയ്യണം, അങ്ങനെ അവർ അവർക്കിടയിൽ പൂർണ്ണ യോജിപ്പ് ഉണ്ടാക്കിയെടുക്കണം.

ബുദ്ധസംഘത്തിലെ അംഗങ്ങൾ പരസ്പരം സ്നേഹത്തോടും സഹതാപത്തോടുംകൂടി സഹവർത്തിക്കണം. അവർ സംഘമായി ജീവിക്കുന്നതിൽ സന്തോഷവും സമാധാനവും കണ്ടുപിടിക്കണം അങ്ങനെ ഒരേ ലക്ഷ്യത്തോടെ ജീവിക്കുവാൻ ശീലിക്കണം.

4. ശ്രദ്ധേയമായ ആറു കാര്യങ്ങൾ ഒരു സംഘത്തിനെ ഒത്തൊരുമയിലേയ്ക്കും കൂടിയ സഹവർത്തിത്വത്തിലേയ്ക്കും നയിക്കും. അവ ഇപ്രകാരമാണ്: സംസാരത്തിലുള്ള ആത്മാർത്ഥത, കർമ്മത്തിൽ സമർപ്പണ സന്നദ്ധതയും കാരുണ്യവും, ആത്മാർത്ഥമായ അലിവ്, ഭോഗവസ്തുക്കളുടെ തുല്യമായ വിഭജനവും ഉപയോഗവും, വിശുദ്ധാദർശങ്ങളെ ആത്മാർത്ഥമായി പിൻതുടരൽ, എല്ലാവരും ശരിയായ വീക്ഷണം ആർജ്ജിക്കൽ തുടങ്ങിയവയാണ്.

ഇവയിൽ ആറാമത്തേതും അവസാനത്തേതുമായ '' എല്ലാവരും ശരിയായ വീക്ഷണം ആർജ്ജിക്കുക'' എന്നതാണ് ഏറ്റവും പ്രധാന ഘടകം. ഇതിനെ ചുറ്റിപ്പറ്റിയാണ് മറ്റ് അഞ്ച് കാര്യങ്ങളും നടക്കുന്നത്. അതുപോലെ സംഘങ്ങൾ അവരുടെ ശ്രമം വിജയകരമായി ഫലവത്താക്കണമെങ്കിൽ രണ്ടുതരത്തിലുള്ള ഏഴു നിയമങ്ങൾ ശ്രമിക്കണം. ആദ്യത്തേത് കൂട്ടത്തെ സംബന്ധിക്കുന്നതാണ്:

(1) എല്ലാ അംഗങ്ങളും തുടർച്ചയായി മുറയ്ക്ക് ഒന്നിച്ചുകൂടുകയും സാരോപദേശങ്ങൾ ശ്രവിക്കുകയും ചർച്ചചെയ്യപ്പെടുകയും ചെയ്യണം.

(2) അവർ അതിരുകളില്ലാതെ പരസ്പരം ഇടപഴകുകയും പരസ്പരം ബഹുമാനിക്കുകയും ചെയ്യണം.

(3) അവർ ഉപദേശങ്ങളെ മതിക്കുകയും നിയമങ്ങളെയും ക്രമങ്ങളെയും ബഹുമാനിക്കുകയും അവയെ മാറ്റാതിരിക്കുവാൻ ശ്രമിക്കുകയും ചെയ്യണം.

(4) മുതിർന്നവരും ചെറുപ്പക്കാരും അങ്ങോട്ടുമിങ്ങോട്ടും പരസ്പരം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണം.

(5) അവർ ആത്മാർത്ഥതയും അർപ്പണബോധവും അടിസ്ഥാന മൂല്യങ്ങളായി തിരഞ്ഞെടുക്കണം.

(6) അവർ ശാന്തമായ സ്ഥലത്തിരുന്ന് അവരുടെ മനസ്സുകളെ ശുദ്ധിപ്പെടുത്തണം, എന്നാൽ ആദ്യം അത്തരം സൗകര്യങ്ങൾ മറ്റുള്ളവർക്ക് കൊടുത്തിട്ടുവേണം സ്വയം ഉപയോഗിക്കാൻ.

(7) അവർ എല്ലാ ആൾക്കാരെയും സ്നേഹിക്കണം, അതിഥികളെ സൗഹൃദപൂർവ്വം പരിചരിക്കണം, രോഗികളെ ദയാപൂർവ്വം ശുശ്രൂഷിക്കണം. ഈ നിയമങ്ങളെ ശ്രദ്ധാപൂർവ്വം പിൻതുടരുന്ന സംഘങ്ങൾ ഒരിക്കലും നശിക്കുകയില്ല.

രണ്ടാമതായി വ്യക്തിപരമായി ഒരോരുത്തരും: (1) എല്ലാവരും ഹൃദയശുദ്ധിയുള്ളവരും അധികമായി ഒന്നും ആഗ്രഹിക്കാത്തവരുമായിരിക്കണം; (2) സമർപ്പണബോധം നിലനിർത്തുകയും അത്യാഗ്രഹം ഒഴിവാക്കുകയും ചെയ്യണം; (3) ശാന്തശീലരായിരിക്കുകയും ശാഠ്യത ഉപേക്ഷിക്കുകയും ചെയ്യണം; (4) നിശ്ശബ്ദത പാലിക്കുകയും അനാവശ്യ സംസാരം ഒഴിവാക്കുകയും ചെയ്യണം; (5) ചട്ടങ്ങളെ ആദരിക്കുകയും എന്നാൽ അതിനടിമപ്പെടാതിരിക്കുവാൻ ശ്രമിക്കുകയും ചെയ്യുക; (6) സമചിത്തതയുള്ള മാനസികാവസ്ഥ കൈവരിക്കുകയും മറ്റ് ഉപദേശങ്ങളുടെ പിന്നാലെ പോകാതിരിക്കുകയും ചെയ്യുക; (7) ദൈനംദിന ജീവിതത്തിൽ മിതത്വം പാലിക്കുക തുടങ്ങിയവയാണ്.

സംഘത്തിലെ അംഗങ്ങൾ ഈ നിയമങ്ങൾ ക്രമത്തിന് പിൻതുടരുകയാണെങ്കിൽ, ആ സംഘം ഒരിക്കലും നശിക്കുകയില്ല.

5. മുകളിൽ വിവരിച്ചപോലെ ഒരു സംഘം എപ്പോഴും കൂട്ടായ്മയും സുഗമമായ സഹവർത്തിത്വവും നിലനിർത്തുവാൻ ശ്രമിക്കണം, അതായിരിക്കണം അതിന്റെ അടിസ്ഥാന തത്വവും. അതിനാൽ സഹവർത്തിത്വം ആഗ്രഹിക്കാത്ത ഒരുവനെ സഹോദരസംഘത്തിലെ അംഗമായി കണക്കാക്കുവാൻ സാധിക്കുകയില്ല. എല്ലാ അംഗങ്ങളും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശ്രമിക്കണം. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാൽ അവ വേഗത്തിൽ ദൂരീകരിക്കുവാൻ ശ്രമിക്കണം, അഭിപ്രയവ്യത്യാസങ്ങൾ ഒരു സംഘത്തിനെ വളരെ വേഗം നശിപ്പിക്കും.

രക്തക്കറകൾ രക്തംകൊണ്ട് മാറ്റുവാൻ സാധിക്കുകയില്ല; അതുപോലെ പരാതികൾ കൂടുതൽ പരാതികൾകൊണ്ട് മാറ്റുവാൻ സാധിക്കില്ല; പരാതികളെ ദൂരീകരിക്കുന്നതിനുള്ള ഏറ്റവും നല്ലമാർഗ്ഗം അവയെ മറക്കുന്നതാണ്.

6. ഒരിക്കൽ കലമിതി എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു, ആ രാജാവിന്റെ രാജ്യം യുദ്ധതൽപരനായ അയൽരാജ്യത്തിലെ രാജാവ്, ബ്രഹ്മദത്ത ആക്രമിച്ച് കീഴ്പ്പെടുത്തി. രാജാവ് കലമിതിക്ക് തന്റെ ഭാര്യയെയും കുട്ടികളെയും കൊണ്ട് കുറച്ചുകാലം ഒളിച്ച് താമസിക്കുവാൻ സാധിച്ചെങ്കിലും, അയാൾ വളരെപ്പെട്ടെന്ന് ശത്രുസൈന്യത്തിന്റെ പിടിയിലായി, പക്ഷെ ഭാഗ്യവശാൽ അയാളുടെ പുത്രൻ രക്ഷപെട്ടു.

രാജകുമാരൻ പിതാവിനെ സംരക്ഷിക്കുവാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. രാജാവിനെ തൂക്കിക്കൊല്ലുവാൻ വിധിക്കപ്പെട്ട ദിവസം രാജകുമാരൻ വേഷപ്രച്ഛന്നനായി കൊലനിർവ്വഹിക്കുന്നിടത്ത് എത്തിച്ചേരുകയും, അവിടെ ഒന്നും ചെയ്യാനാവാതെ അവന് തന്റെ പിതാവിനെ ദാരുണമായി വധിക്കുന്ന ദൃശ്യം കാണുകയെന്ന സംഭവത്തിന് സാക്ഷ്യം വഹിക്കേണ്ടതായി വന്നു.

മകനെ ദൂരത്തിൽ കണ്ട പിതാവ് അവനോട് ഉപദേശിക്കുന്നതുപോലെ സ്വഗതമെന്ന രീതിയിൽ ഇങ്ങനെ ഉരുവിട്ടു, '' അധികം നേരം തിരയാതിരിക്കുക; ധൃതിയിൽ ഒന്നും പ്രവർത്തിക്കാതിരിക്കുക, വൈരാഗ്യവും ദേഷ്യവും അതുമറക്കുന്നതുവഴിമാത്രമെ ശാന്തപ്പെടുത്തുവാൻ സാധിക്കുകയുള്ളു.''

ആ സംഭവത്തിനുശേഷം രാജകുമാരൻ പ്രതികാരത്തിനെപ്പറ്റി വളെരെക്കാലം ആലോചിക്കുകയും, ഒരു ഭൃത്യന്റെ വേഷത്തിൽ രാജാവ് ബ്രഹ്മദത്തന്റെ കൊട്ടാരത്തിൽ കയറിക്കൂടുകയും രാജാവിന്റെ വിശ്വാസം സമ്പാദിക്കുകയും ചെയ്തു.

ഒരു ദിവസം രാജാവ് നായാട്ടിനുപോകുന്ന തക്കം നോക്കി കുമാരൻ പ്രതികാരം ചെയ്യുവാൻ നിശ്ചയിച്ചു. ഭൃത്യനായി വേഷപ്രച്ഛന്നനായ കുമാരൻ ബ്രഹ്മദത്തൻ രാജാവിനെ ഒരു ഒറ്റപ്പെട്ട സ്ഥലത്തേയ്ക്ക് കൂട്ടികൊണ്ടുപോയി. യാത്രയിൽ ക്ഷീണിതനായ രാജാവ് കുമാരന്റെ മടിയിൽ തലവെച്ച് അല്പം വിശ്രമിച്ചു. രാജാവ് കുമാരന്റെ കൈയ്യിൽ പൂർണ്ണമായും അകപ്പെട്ടു.

കുമാരൻ രാജാവിന്റെ കഴുത്തിൽ തന്റെ കത്തിവെച്ചുവെങ്കിലും എന്തെങ്കിലും ചെയ്യുവാൻ കുറച്ച് മടിച്ചു. പിതാവിന്റെ അവസാന നിമിഷത്തിലെ വാക്കുകൾ കുമാരന്റെ മനസ്സിൽ മുഴങ്ങി, അവൻ വീണ്ടും രാജാവിനെ വധിക്കുവാൻ ശ്രമിച്ചെങ്കിലും അതു ചെയ്യുവാൻ സാധിക്കാതെ പിൻവാങ്ങി. ഉറക്കത്തിൽ നിന്ന് പെട്ടെന്നുണർന്ന രാജാവ് താൻ സ്വപ്നത്തിൽ കലമിതി രാജാവിന്റെ മകൻ തന്നെ വധിക്കുവാൻ ശ്രമിക്കുന്നതായിക്കണ്ടുവെന്ന് പറഞ്ഞു.

പെട്ടെന്ന് തന്റെ വാൾ ചുഴറ്റിക്കൊണ്ട് കുമാരൻ താൻ കലമിതി രാജാവിന്റെ പുത്രനാണെന്ന് പ്രസ്താവിച്ചു. എന്നിട്ട് തനിക്ക് ഇപ്പോൾ തന്റെ

പിതാവിന്റെ ദാരുണമായ ഹത്യക്ക് പ്രതികാരം ചെയ്യുവാനുള്ള അവസരം ലഭിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് ആക്രോശിച്ചു. എന്നിട്ടും അവന് ബ്രഹ്മദത്തനെ വധിക്കുവാൻ സാധിക്കാതെ തന്റെ വാൾ താഴെയിട്ടിട്ട് രാജാവിന്റെ മുൻപിൽ മുട്ടുകുത്തിനിന്നു.

രാജാവ് കുമാരന്റെ കഥ ശ്രവിക്കുകയും പ്രത്യേകിച്ച് കുമാരന്റെ പിതാവിന്റെ അവസാന വചനങ്ങൾ കേട്ടതിൽ നിന്ന് വളരെ തല്പരനായി കുമാരന് മാപ്പ് നല്കുകയും ചെയ്തു. തന്റെ ക്രൂരതയിൽ പശ്ചാത്തപിക്കുകയും കുമാരന്റെ പിതാവിന്റെ വിശാല ചിന്തയിൽ ആകൃഷ്ടനാകുകയും ചെയ്ത ബഹ്മദത്തൻ രാജാവ് ആ രാജ്യം കുമാരന് തിരിച്ച് നല്കി രണ്ടുരാജ്യങ്ങളും തമ്മിൽ സൗഹൃദം ഉറപ്പിക്കുകയും ചെയ്തു.

മരിക്കുന്നതിനുമുമ്പ് കലമിതി രാജാവ് പറഞ്ഞവാക്കുകളുടെ അർത്ഥം ''അധികം നാൾ തിരയാതിരിക്കുക'' എന്നാൽ പ്രതികാരചിന്ത അധികംനാൾ കൊണ്ടു നടക്കാതിരിക്കുകയെന്നതാണ്; ''ധൃതിയിൽ ഒന്നും പ്രവർത്തിക്കാതിരിക്കുക'' എന്നാൽ സുഹൃദ് ബന്ധം പെട്ടെന്ന് മുറിച്ച് മാറ്ററുതെന്നാണ്.

വൈരാഗ്യവും ദേഷ്യവും കൂടുതൽ വൈരാഗ്യം കൊണ്ട് മാറ്റിയെടുക്കുവാൻ സാധിക്കുകയില്ല. അത് മറക്കുന്നതുവഴിമാത്രമെ മാറ്റിയെടുക്കുവാൻ സധിക്കൂ.

നല്ല ഉപദേശങ്ങളുടെ സമീകരണമാണ് സഹോദര സംഘങ്ങളുടെ അടിസ്ഥാനം, അതിനാൽ എല്ലാ അംഗങ്ങളും ഈ കഥയുടെ അന്തഃസത്തയുൾക്കൊള്ളുവാൻ ശ്രമിക്കണം .

സംഘാംഗങ്ങൾ മാത്രമല്ല സാധാരണ മനുഷ്യരും ഈ കഥയുടെ ഗുണപാഠം ഉൾക്കൊള്ളുകയും അത് തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുകയും ചെയ്യണം.

## II
## ബുദ്ധരാജ്യം

1. ഇവിടെ വിവരിച്ചതുപോലെ ഒരു സഹോദരസംഘം ബുദ്ധോപദേശങ്ങളുടെ പ്രചാരണം മറക്കാതിരിക്കുകയും, അതിനെ അടിസ്ഥാനപ്പെടുത്തി ജീവിതം കെട്ടിപ്പടുക്കുന്ന കാര്യം അവഗണിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, ആ സംഘം നല്ലരീതിയിൽ വളരുകയും അതിന്റെ സന്ദേശങ്ങൾ എല്ലായിടത്തും പ്രചരിക്കുകയും ചെയ്യും.

അതിന്റെ അർത്ഥം വളരെയധികമാളുകൾ ജ്ഞാനത്തിന്റെയും നിർവ്വാണത്തിന്റെയും മാർഗ്ഗം സ്വീകരിക്കുമെന്നതും, തിന്മയുടെ പ്രതീകങ്ങളായ അത്യാഗ്രഹം, അഹന്ത, വിഡ്ഢിത്തരം അവയുടെ അനന്തരഫലങ്ങളായ അജ്ഞാനം, തൃഷ്ണ തുടങ്ങിയവ സമൂഹത്തിൽ നിന്ന് പിൻതിരിഞ്ഞോടുകയും, പ്രജ്ഞ, പ്രകാശം, വിശ്വാസം, സന്തോഷം തുടങ്ങിയവ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യും.

**ബുദ്ധരാജ്യത്തിന്റെ നിർമ്മഫണം**

സാത്താന്റെ രാജ്യത്തിൽ നിറഞ്ഞു നിൽക്കുന്നത്, അത്യാഗ്രഹം, ഇരുട്ട്, കലഹം, മത്സരം, രകതച്ചൊരിച്ചിൽ, വഴക്ക് അതിനെല്ലാം ആധാരവികാരങ്ങളായ അസൂയ, തരംതിരിവ്, വൈരാഗ്യം, ചതി, അർത്ഥമില്ലാത്ത സംസാരം, പീഡനം, ജാലവിദ്യ തുടങ്ങിയവയാണ്.

ആ സാത്താന്റെ രാജ്യത്തിൽ പ്രജ്ഞയുടെ പ്രകാശവും, കാരുണ്യത്തിന്റെ മഴയും വീഴുകയാണെങ്കിൽ, അവിടെ വിശ്വാസത്തിന്റെ വിത്ത് മുളപൊട്ടി വളരുവാൻ തുടങ്ങുകയും സന്തോഷമാകുന്ന പുഷ്പങ്ങൾ അതിന്റെ വാസനയും ശോഭയും പരത്തുവാനും തുടങ്ങും. അങ്ങനെ സാത്താന്റെ അശുദ്ധമായ രാജ്യം ബുദ്ധന്റെ വിശുദ്ധ രാജ്യമായി മാറും.

ഒരു ഇളം കുളിർക്കാറ്റും ഒരു മരച്ചില്ലയിൽ വിരിഞ്ഞുവരുന്ന പുഷ്പങ്ങളും വസന്തം വരുന്നതിനെ വിളിച്ചറിയിക്കുന്നതുപോലെ, ഒരുവൻ നിർവ്വാണം സിദ്ധിച്ചുകഴിഞ്ഞാൽ ചുറ്റുമുള്ള പുല്ലുകളും, മരങ്ങളും, മലകളും, നദികളും അങ്ങനെയുള്ള എല്ലാ ഭൗമസൃഷ്ടികളും ഒരു പുതിയ ജീവനാർജ്ജിച്ച് പ്രസരിക്കും.

ഒരുവൻ അവന്റെ മനസ്സ് ശുദ്ധമാക്കുകയാണെങ്കിൽ, അവന്റെ ചുറ്റുപാടുകളും ശുദ്ധീകരിക്കപ്പെടുന്നു.

2. സത്യമായ ഉപദേശം നിലനിൽക്കുന്ന നാട്ടിൽ ജീവിക്കുന്ന എല്ലാമനുഷ്യരുടെ മനസ്സും ശുദ്ധവും ശാന്തവുമായിരിക്കും. തീർച്ചയായും ബുദ്ധന്റെ കാരുണ്യം എല്ലാമനുഷ്യരേയും വ്യത്യാസങ്ങളില്ലാതെ സഹായിക്കുന്നു, അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം എല്ലാ അശുദ്ധതകളെയും മനസ്സിൽ നിന്ന് മാന്ത്രികമായി നീക്കിക്കളയുന്നു.

ഒരു ശുദ്ധമായ മനസ്സ് ആഴമുള്ള മനസ്സായിത്തീരുന്നു, ആര്യമാർഗ്ഗങ്ങളുടെ വിളനിലമായ മനസ്സ്, ദാനം ചെയ്യുവാൻ സന്നദ്ധമായ മനസ്സ്, ഉത്തമ ആശയങ്ങളെ സുക്ഷിക്കുവാൻ കെൽപ്പുള്ള മനസ്സ്, തന്റേടമുള്ള മനസ്സ്, നിശ്ചയ ദാർഢ്യമുള്ള മനസ്സ്, ശാന്തമായ മനസ്സ്, ബുദ്ധിയുള്ള മനസ്സ്, കാരുണ്യമുള്ള മനസ്സ്, മറ്റുള്ളവരെ ജ്ഞാനത്തിലേയ്ക്കും നിർവ്വാണത്തിലേയ്ക്കും കൊണ്ടെത്തിക്കുന്ന മനസ്സ്. ആ മനസ്സുകൊണ്ട് നമുക്ക് ബുദ്ധരാജ്യം കെട്ടിപ്പടുക്കാം.

ഭാര്യാഭർത്താക്കന്മാരും കുട്ടികളും ഒന്നിച്ചു ജീവിക്കുന്ന ഒരു ഭവനം ബുദ്ധന്റെ സാന്നിദ്ധ്യം കൊണ്ട് അനുഗൃഹീതമായ കുടുംബമായി മാറുന്നു. ഒരു രാജ്യം കഷ്ടതയനുഭവിക്കുവാൻ മുഖ്യകാരണം സമൂഹത്തിലെ ഉച്ചനീചത്വവും മറ്റു വേർകൃത്യങ്ങളുമാണ് അതിനെ നല്ല ആത്മാക്കളുടെ സാന്നിദ്ധ്യംകൊണ്ട് നിർമ്മലപ്പെടുത്തിയെടുക്കാം.

രക്തപങ്കിലമായ ഒരു സ്വർണ്ണക്കൊട്ടാരം ബുദ്ധന്റെ സാന്നിദ്ധ്യം അർഹിക്കുന്നില്ല. എന്നാൽ ഒരു മേൽക്കൂര തകർന്ന ഒരു കുടിലിൽ അവിടുത്തെ ഗൃഹനാഥന്റെയും അന്തേവാസികളുടെയും മനസ്സ് ശുദ്ധമാണെങ്കിൽ, ബുദ്ധന്റെ സാന്നിദ്ധ്യം പ്രതീക്ഷിക്കാം.

ഒരു ശുദ്ധമായ മനസ്സിന്റെ സാന്നിദ്ധ്യംകൊണ്ട് കെട്ടിപ്പടുക്കപ്പെട്ട ബുദ്ധരാജ്യമാണെങ്കിൽ ആ ശുദ്ധവും നിർമ്മലവുമായ മനസ്സ് മറ്റ് മനസ്സുകളെ ആകർഷിക്കുകയും ഒരു സഹോദര സംഘം സൃഷ്ടിക്കുകയും ചെയ്യുന്നു.

ബുദ്ധനിലുള്ള വിശ്വാസം വ്യക്തികളിൽ നിന്നും കുടുംബത്തിലേയ്ക്കും, കുടുംബത്തിൽ നിന്ന് ഗ്രമത്തിലേയ്ക്കും, ഗ്രാമത്തിൽ നിന്ന് പട്ടണങ്ങളിലേയ്ക്കും, നഗരങ്ങളിലേയ്ക്കും, രാജ്യങ്ങളിലേയ്ക്കും അവസാനം ലോകം മുഴുവനും പടർന്ന് പന്തലിക്കുന്നു.

യഥാർത്ഥത്തിൽ ബുദ്ധോപദേശങ്ങളും ബുദ്ധധർമ്മവും പ്രചരിപ്പിക്കുന്നതിനുള്ള വ്യഗ്രതയും ആത്മാർത്ഥതയുമാണ് ബുദ്ധരാജ്യം കെട്ടിപ്പടുക്കുന്നത്.

**ബുദ്ധരാജ്യത്തിന്റെ നിർമ്മഫണം**

3. തീർച്ചയായും ഒരു വീക്ഷണ കോണിലൂടെ വീക്ഷിക്കുമ്പോൾ ലോകം അതിന്റെ അത്യാഗ്രഹവും, തിന്മകളും രക്തച്ചൊരിച്ചിലുംകൊണ്ട് ഒരു സാത്താന്റെ ലോകമായി തോന്നിയേക്കാം; എന്നാൽ ജനങ്ങൾ ബുദ്ധന്റെ നിർവ്വാണത്തിലും ജ്ഞാനത്തിലും വിശ്വസിക്കുമ്പോൾ രക്തം പാലായും, അത്യാഗ്രഹം കാരുണ്യമായും മാറുകയും സാത്താന്റെ രാജ്യം ബുദ്ധന്റെ പുണ്യഭൂമിയായിത്തീരുകയും ചെയ്യും.

ഒരു സാഗരത്തിലെ വെള്ളം മുഴുവൻ ഒരു കയിലുകൊണ്ട് വറ്റിക്കുവാൻ പ്രയാസമാണെന്നത് ഒരു വസ്തുതയാണ്, എന്നാൽ ഉറച്ചതീരുമാനം അത്തരം കാര്യങ്ങൾ സാധിക്കുവാൻ സഹായിക്കും, ഒരുപക്ഷെ അത്തരം ശ്രമങ്ങൾ ആയിരക്കണക്കിനു വർഷങ്ങളും പല ജന്മങ്ങളും ശ്രമിക്കേണ്ടിവരും. അത്തരം ശ്രമസജ്ജമായ മനസ്സുകൾ തീർച്ചയായും ബുദ്ധജ്ഞാനവും അനുഗ്രഹവും സിദ്ധിച്ചിട്ടുള്ളവയായിരിക്കും.

ബുദ്ധൻ എപ്പോഴും മറുകരയിൽ കാത്തുനിൽക്കുന്നുണ്ട്. അതിന്റെ അർത്ഥം ബുദ്ധന്റെ ജ്ഞാനമാർഗ്ഗത്തിൽ അത്യാഗ്രഹത്തിനോ, കലഹത്തിനോ, ദേഷ്യത്തിനോ, ദുഃഖത്തിനോ, അജ്ഞാനത്തിനോ, പീഡനങ്ങൾക്കോ സ്ഥാനമില്ല. അവിടെ ജ്ഞാനമാകുന്ന പ്രകാശത്തിനും കാരുണ്യമാകുന്ന മഴയ്ക്കും മാത്രമെ സ്ഥാനമുള്ളു.

ആ രാജ്യം ശാന്തിയുടെ നാടായും, കഷ്ടപ്പെടുന്നവരുടെ ആരാമമായും, ധർമ്മം പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അവിടം ഒരു ആശ്രമമായിരിക്കും.

ആ പരിശുദ്ധരാജ്യത്ത് പരിധികളില്ലാത്ത പ്രകാശവും എന്നും നിലനിൽക്കുന്ന ജീവിതവുമുണ്ടാകും. ആ സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നവർ ഒരിക്കലും മായകൾ നിറഞ്ഞ ഈ ലോകത്തിലേയ്ക്ക് തിരിച്ച് വരുകയില്ല.

തീർച്ചയായും ഈ പരിശുദ്ധരാജ്യത്തിൽ പുഷ്പങ്ങൾ ജ്ഞാനമാകുന്ന സുഗന്ധം പരത്തും, പക്ഷികൾ ബുദ്ധധർമ്മം പാടും. ഇവിടമാണ് മനുഷ്യരാശിയുടെ അവസാന ലക്ഷ്യവും ആശ്രയവും.

4. ഈ പരിശുദ്ധരാജ്യം വിശ്രമിക്കുന്നതിനുള്ള സ്ഥലമാണെങ്കിലും, അത് മടിയന്മാർക്കുള്ള സ്ഥലമല്ല. അതിന്റെ സുഗന്ധം പരത്തുന്ന പുഷ്പങ്ങൾ അലസന്മാരുടെ സമയംകൊല്ലികളല്ല; മറിച്ച് അത് ബുദ്ധമാർഗ്ഗം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർക്കുവേണ്ടിയുള്ള വിശ്രമസങ്കേതമാണ്, അവിടെ നിന്നും അവർ ഊർജ്ജം നേടുകയും തങ്ങളുടെ ദൗത്യം പൂർവ്വാധികം ഭംഗിയായി നിർവ്വഹിക്കുകയും ചെയ്യും.

ബുദ്ധന്റെ ദൗത്യം നിത്യമാണ്, അത് മനുഷ്യനും മൃഗങ്ങളും ഈ ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം അശുദ്ധമായ മനസ്സുകൾ അവരുടെ കാല്പനിക ലോകത്തിൽ സ്വന്തം സാഹചര്യങ്ങളും മായികാലോകങ്ങളും സൃഷ്ടിക്കുന്ന കാലം അവസാനിക്കുന്നതുവരെയും നിലനിൽക്കുന്നു, ബുദ്ധദൗത്യത്തിന് അന്ത്യമില്ല.

അമിതാഭ ബുദ്ധന്റെ ശ്രേഷ്ഠമായ ശക്തിയാൽ പരിശുദ്ധരാജ്യത്തിലെത്തിച്ചേർന്ന ബുദ്ധന്റെ മക്കൾ അവർ വന്ന നാട്ടിലേയ്ക്ക് പോകുവാൻ തിടുക്കം കൂട്ടും, അവിടെ അവരെ ബന്ധിക്കുന്ന പല ബന്ധങ്ങളുമുണ്ടായേക്കാം. അതിലൊന്ന് ബുദ്ധന്റെ ദൗത്യം നിർവ്വഹിക്കുകയെന്നതാണ്.

ഒരു മെഴുകുതിരിയിൽ നിന്നുള്ള പ്രകാശം ഒന്നിൽ നിന്ന് മറ്റൊന്നിലേയ്ക്ക് പടർന്നുപോകുന്നതുപോലെ, ബുദ്ധന്റെ കാരുണ്യവും ഒരു മനസ്സിൽ നിന്ന് മറ്റൊന്നിലേയ്ക്ക് വളരെപ്പെട്ടെന്ന് അനന്തമായി പടർന്ന് പോകുന്നു.

ബുദ്ധന്റെ മക്കളായുള്ള വിശ്വാസികൾ അദ്ദേഹം പഠിപ്പിച്ച കാരുണ്യത്തിന്റെ മാർഗ്ഗം ഉൾക്കൊള്ളുകയും അദ്ദേഹത്തിന്റെ ദൗത്യം ഏറ്റെടുക്കുകയും ചെയ്യുന്നു, അത് ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേയ്ക്ക് താല്പര്യപൂർവ്വം കൈമാറുന്നതിനും അവർ സഹായിക്കുന്നു. അങ്ങനെ ബുദ്ധന്റെ പരിശുദ്ധരാജ്യം നിത്യമായി പ്രകീർത്തിക്കപ്പെടുന്നു.

## III
## ബുദ്ധസാമ്രാജ്യത്തിൽ പുകഴ്ത്തപ്പെട്ടവർ

1. ഉദയന മഹാരാജാവിന്റെ റാണി, രാജ്ഞി സ്യാമവതി ബുദ്ധനിൽ വളരെ ഭക്തിയുള്ളവളായിരുന്നു.

അന്തപ്പുരത്തിൽ വസിച്ചിരുന്ന രാജ്ഞിക്ക് പുറത്തുപോകുവാൻ അനുവാദമില്ലായിരുന്നു. എന്നാൽ അവരുടെ വേലക്കാരി ഉത്തര വളരെ അസാമാന്യമായ ഓർമ്മയുള്ളവളായിരുന്നു. അവൾ പതിവായി ബുദ്ധന്റെ ഉപദേശങ്ങൾ ശ്രവിക്കുകയും അവ റാണിക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യുമായിരുന്നു.

പുറത്തുപോയിട്ടുവരുമ്പോൾ ഉത്തര അന്നു ശ്രവിച്ച സാരോപദേശങ്ങൾ റാണിക്ക് മുറയ്ക്ക് വിവരിച്ചുകൊടുക്കുമായിരുന്നു. അങ്ങനെ റാണി അവരുടെ ജ്ഞാനവും വിശ്വാസവും ആഴത്തിലാക്കിയെടുത്തു.

രാജാവിന്റെ രണ്ടാം ഭാര്യ രാജ്ഞിയിൽ അസൂയാലുവായിരുന്നു അതിനാൽ അവൾ റാണിയെ കൊല്ലുവാൻ നിശ്ചയിച്ചു. രണ്ടാം ഭാര്യ റാണിയെപ്പറ്റി രാജാവിനോട് കുറ്റങ്ങൾ പറഞ്ഞുകൊടുക്കുകയും രാജാവിന്റെ മനസ്സിൽ റാണിയെപ്പറ്റി സംശയം ജനിപ്പിക്കുകയും ചെയ്തു, തുടർന്ന് രാജാവ് സ്യാമവതി രാജ്ഞിയെ കൊല്ലുവാൻ തീരുമാനിച്ചു.

ശാന്തയായി രാജാവിന്റെ മുമ്പിൽ നിന്ന രാജ്ഞിയെക്കണ്ട രാജാവ് അവളെക്കൊല്ലുന്ന തീരുമാനത്തിൽ നിന്ന് പിൻതിരിഞ്ഞു. സമചിത്തത തിരിച്ചുകിട്ടിയ രാജാവ് രാജ്ഞിയോട് മാപ്പുചോദിക്കുകയും തന്റെ സംശയങ്ങളിൽ അർത്ഥമില്ലെന്ന് മനസ്സിലാക്കുകയും ചെയ്തു.

രണ്ടാം ഭാര്യയുടെ അസൂയ വർദ്ധിക്കുകയും, അവൾ രാജാവില്ലാത്ത തക്കം നോക്കി ഒരു തസ്കരനെ അന്തപ്പുരം തീവെക്കുവാൻ ഏർപ്പാടാക്കുകയും

ചെയ്തു. ശാന്തയായിരുന്ന സ്യാമവതി പേടിച്ചു വിറച്ചുനിന്ന വേലക്കാരികളെ രക്ഷപ്പെടുവാൻ സഹായിക്കുകയും തുടർന്ന് ഭയചകിതയാകാതെ ആ തീയിൽ പെട്ട് മരിക്കുകയും ചെയ്തു. ഉത്തരയും റാണിയോടൊപ്പം തീയിൽ പെട്ടുമരിച്ചു. ഭയപ്പെടാതിരിക്കുവാനും വിപത്തുകളെ നേരിടാനുമുള്ള ശക്തി അവർക്ക് ബുദ്ധോപദേശങ്ങൾ നല്കിയിരുന്നു.

ബുദ്ധന്റെ അനേകം സ്ത്രീശിഷ്യമാരിൽ ഇവർ രണ്ടുപേരും ഏറ്റവും ഉന്നതരായി വാഴ്ത്തപ്പെടുന്നു: രാജ്ഞി സ്യാമവതി ഒരു കാരുണ്യംനിറഞ്ഞ ഹൃദത്തിനുടമയായും, ഉത്തര ഒരു നല്ല ശ്രവകയായും അറിയപ്പെടുന്നു.

2. ബുദ്ധന്റെ മച്ചുനനും ശാക്യവംശത്തിലെ രാജകുമാരനുമായ മഹാനാമ രാജകുമാരന് ബുദ്ധോപദേശങ്ങളിൽ തികഞ്ഞവിശ്വാസവും ഭക്തിയുമുണ്ടായിരുന്നു, അയാൾ ബുദ്ധന്റെ ഉത്തമശിഷ്യന്മാരിൽ ഒരാളായിരുന്നു.

അക്കാലത്ത് കോസലരാജ്യം ഭരിച്ചിരുന്ന വിരുദുകയെന്ന ഒരു ദുഷ്ടനായ രാജാവ് ശാക്യരെ ആക്രമിച്ചു കീഴ്പ്പെടുത്തി. ശാക്യ വംശത്തിലെ മഹാനാമ രാജകുമാരൻ രാജാവിന്റെ അടുക്കൽ ചെന്ന് തന്റെ പ്രജകളുടെ ജീവൻ രക്ഷിക്കണമെന്ന് കേണപേക്ഷിച്ചു.

എന്നാൽ രാജാവ് ആ അപേക്ഷ നിരസിച്ചു. രാജകുമാരൻ വേറെയൊരു കാര്യം ഉണർത്തിച്ചു, താൻ വെള്ളത്തിനടിൽ മുങ്ങിയിരിക്കാമെന്നും ആ സമയത്ത് തടങ്കലിൽ കഴിയുന്ന തന്റെ പ്രജകളെ മോചിപ്പിക്കണമെന്നും, എപ്പോൾ താൻ വെള്ളത്തിൽ നിന്ന് പൊങ്ങിവരുന്നോ അപ്പോൾ തുറുങ്കുകൾ അടക്കണമെന്നുമായിരുന്നു രാജകുമാരന്റെ അപേക്ഷ.

രാജാവ് ആ അപേക്ഷ സമ്മതിച്ചു, രജകുമാരന് വെള്ളത്തിൽ ചിലവഴിക്കുവാൻ കഴിയുന്നത് വെറും നിമിഷങ്ങൾ മാത്രം, ആ സമയത്തിനുള്ളിൽ എത്രപേർക്ക് രക്ഷപ്പെടുവാൻ സാധിക്കുമെന്നതായിരുന്നു ആ ദുഷ്ടനായ രാജവിന്റെ കണക്കുകൂട്ടൽ.

മഹാനാമ വെള്ളത്തിലിറങ്ങുന്നതിനോടൊപ്പം തുറുങ്കിന്റെ വാതിലുകളും തുറന്നു. ആളുകൾ എത്രയും വേഗം അവിടെനിന്ന് ഓടി

രക്ഷപെട്ടുകൊണ്ടിരുന്നു. എന്നാൽ വളരെ നേരം കഴിഞ്ഞിട്ടും മഹാനാമ തിരിച്ചുവന്നില്ല അയാൾ തന്റെ ശവം പോലും പൊങ്ങിവരാതിരിക്കുവാനായി മുടി ഒരു കാറ്റാടിമരത്തിന്റെ വേരിൽ കെട്ടിയിട്ടിരുന്നു. അങ്ങനെ തന്റെ പ്രജകളുടെ ജീവൻ തന്റെ ജീവൻ കൊടുത്ത് രക്ഷപ്പെടുത്തി.

3. ഉത്പലവർണാ എന്ന സന്യാസിനിയെ വളരെ അറിവും കഴിവുമുള്ള ഒരു ഭിക്ഷുണിയായാണ് അറിയപ്പെടുന്നത്. അവരെ മൗദ്ഗല്യയാനയെന്ന ബുദ്ധശിഷ്യന് തുല്യമായാണ് കണക്കാക്കപ്പെടുന്നത്. അവർ ഭിക്ഷുണികൾക്കല്ലാം ഒരു മാതൃകയായിരുന്നു. അവർ ഒരു വലിയ ഗുരുവും നേതാവുമായിരുന്നു.

ദേവദത്തനെന്ന ദുഷ്ടനായ മനുഷ്യൻ അജാതശത്രുവെന്ന രാജാവിന്റെ മനസ്സിനെ കലുഷിതമാക്കി ബുദ്ധധർമ്മത്തിന് എതിരാകുവാൻ പ്രേരിപ്പിച്ചു, എന്നാൽ പിന്നീട് രാജാവ് ദേവദത്തന്റെ അശുദ്ധമായ മാനസികാവസ്ഥ മനസ്സിലാക്കുകയും അയാളിൽ നിന്ന് അകലുകയും ബുദ്ധധർമ്മത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി ഒരു ഉത്തമശിഷ്യനായിതീരുകയും ചെയ്തു.

ഒരിക്കൽ ദേവദത്തൻ രാജാവിനെ സന്ദർശിക്കുവാനുള്ള സമ്മതം നിഷേധിക്കപ്പെട്ട് കൊട്ടാര വാതിലിൽ നില്ക്കുമ്പോൾ ഉത്പലവർണാ കൊട്ടാരത്തിൽ നിന്ന് പുറത്തുവരുന്നത് കണ്ടു. അതുകണ്ട് ക്ഷുഭിതനായ ദേവദത്തൻ അവരെ ആക്രമിച്ച് മുറിവേൽപിച്ചു.

കഠിനമായ വേദനയുമായി മഠത്തിൽ തിരിച്ചുചെന്ന അവരെ മറ്റ് സന്യാസിനികൾ സാന്ത്വനപ്പെടുത്തുകയും ശുശ്രൂഷിക്കുകയും ചെയ്തു. അവൾ അവരോട് ഇങ്ങനെ പറഞ്ഞു: ''സഹോദരിമാരെ! മനുഷ്യജീവിതം പ്രവചനാതീതവും, എല്ലാം എപ്പോഴും മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതുമാകുന്നു. ഒന്നിനും സ്വയംഭാവമില്ല. ജ്ഞാനത്തിന്റെ മാർഗ്ഗം മാത്രമെ ശാന്തവും സമാധാനമുള്ളതുമാകുന്നുള്ളു. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ പരിശീലനം തുടരുക. '' എന്നു പറഞ്ഞ് അവൾ ജീവൻ വെടിഞ്ഞു.

4. അംഗുലിമാല ഒരു ഭയങ്കര കൊള്ളക്കാരനും പലമനുഷ്യരുടെ ജീവനൊടുക്കുന്നതിൽ തൃപ്തികണ്ടിരിന്നവനുമായിരുന്നു. അവനെ ബുദ്ധൻ രക്ഷിക്കുകയും തന്റെ ശിഷ്യഗണങ്ങളിൽ ഒരുവനാക്കിമാറ്റുകയും ചെയ്തു.

ഒരിക്കൽ ഭിക്ഷയെടുക്കുവാൻ പട്ടണത്തിൽ പോയ അവൻ തന്റെ മുൻകാല തിന്മകൾ കാരണം വളരെ കഷ്ടപ്പെടുകയും അവയെ ക്ഷമയോടെ സഹിക്കുകയും ചെയ്തു.

ഗ്രാമവാസികൾ അവന്റെമേൽ ചാടിവീഴുകയും അവനെ വളരെയധികം പീഡിപ്പിക്കുകയും ചെയ്തു. മുറിവേറ്റ ശരീരവുമായി അയാൾ ബുദ്ധന്റെ അടുത്ത് ചെല്ലുകയും, അദ്ദേഹത്തോട് തനിക്ക് തന്റെ പഴയ തിന്മകളുടെ ഫലമനുഭവിക്കുവാൻ അവസരം നല്കിയതിന് നന്ദി പറയുകയും ചെയ്തു.

അവൻ പറഞ്ഞു: '' ധന്യനായ പ്രഭോ! എന്റെ ശരിയായ പേര് ''നിരുപദ്രവൻ'' എന്നായിരുന്നു. എന്നാൽ എന്റെ അജ്ഞതയാൽ ഞാൻ പല ജീവനെയും നശിപ്പിച്ചു, ഓരോ ജീവനിൽ നിന്നും ഓരോ വിരലുകളെടുത്ത് അവകൊണ്ട് മാലയുണ്ടാക്കി ധരിച്ചു, അങ്ങനെ എന്റെ പേർ അംഗുലിമാലയെന്നായി!

''അതിനുശേഷം അവിടുത്തെ കാരുണ്യത്താൽ എനിക്ക് പ്രജ്ഞയും ജ്ഞാനവും തിരിച്ചുകിട്ടുകയും ബുദ്ധന്റെ മൂന്ന് അമൂല്യനിധികളായ ബുദ്ധം, ധർമ്മം, സംഘം എന്നിവകളോട് പ്രതിപത്തിയുള്ളവനായി. ഒരുവൻ ഒരു കുതിരയെയോ കാളയെയോ തെളിക്കുമ്പോൾ ഒരു ചാട്ടയുപയോഗിക്കുന്നു എന്നാൽ അങ്ങ് ചാട്ടയോ വടിയോ കയറോയില്ലാതെ എന്റെ മനസ്സിനെ ശുദ്ധമാക്കിത്തന്നു.

'' ഇന്ന്, പ്രഭോ! ഞാനനുഭവിച്ചത് എനിക്ക് കടമയുണ്ടായിരുന്നതാണ്. ഞാൻ ജീവിക്കുവാനോ മരിക്കുവാനോ ആഗ്രഹിക്കുന്നില്ല, മറിച്ച് ഞാൻ എന്റെ സമയം വരുവാനായി കാത്തിരിക്കും.''

5. മൗദ്ഗല്യയാന, അഭിവന്ദ്യനായ സാരീപുത്രനെപ്പോലെ ബുദ്ധന്റെ ഉത്തമശിഷ്യന്മാരിൽ ഒരുവനായിരുന്നു. മറ്റുമതങ്ങളിലുള്ള ആചാര്യന്മാരും ഗുരുക്കന്മാരും ബുദ്ധോപദേശം അടിസ്ഥാനമാക്കിയുള്ള ബുദ്ധമതം രാജ്യവ്യാപകമായും രാജ്യാന്തരങ്ങളിലും സാധാരണജനങ്ങളുടെ ഇടയിൽ പ്രചരിക്കുന്നതു കണ്ടപ്പോൾ അവർ അതിൽ അസൂയാലുക്കളായി. അസൂയയാൽ അവർ സാരോപദേശങ്ങളെയും മതപ്രചാരണത്തെയും തടസ്സപ്പെടുത്തുവാൻ ശ്രമിച്ചു.

എന്നാൽ ബുദ്ധമതത്തിന്റെ പ്രചാരം കൂടിവരുക മാത്രമെ അത്തരം പ്രവർത്തനങ്ങൾ കൊണ്ട് നേടുവാൻ സാധിച്ചുള്ളു. ചിലർ മൗദ്ഗല്യയാനയെ കൊല്ലുവാൻവരെ ശ്രമം നടത്തി.

രണ്ടുപ്രാവശ്യം അദ്ദേഹം കൊലശ്രമത്തിൽ നിന്ന് രക്ഷപെട്ടു. എന്നാൽ മൂന്നാമത്തെപ്രാവശ്യം ശത്രുക്കളുടെ അമ്പിന് അദ്ദേഹം ഇരയായി.

ജ്ഞാനത്തിന്റെ ശക്തികൊണ്ട് അദ്ദേഹം എല്ലാ പീഡനങ്ങളുമേറ്റുവാങ്ങി. ആ പുണ്യാത്മാവിന്റെ മാംസം ചിതറി അസ്ഥികൾ പൊട്ടി രക്തം വാർന്നൊഴുകി എന്നിട്ടും അദ്ദേഹം ശാന്തനായി മരണം ഏറ്റുവാങ്ങി.

# അംഗുത്തരനികായ

(തുടർച്ചയായ ഉപദേശങ്ങളുടെ പുസ്തകം)

ഭിക്ഷുക്കളെ! ഒരുവൻ അവന്റെ ജനനം ഈ ലോകത്തിലുള്ള അനേകായിരം ജനങ്ങളുടെ ക്ഷേമത്തിനും സന്തോഷത്തിനുമായി മാറ്റിവെച്ചുവോ, ആരാണോ കാരുണ്യത്തിൽ നിന്ന് ജനിക്കുകയും ഇഹ ലോകത്തിനും പരലോകത്തിനും വേണ്ടി ഐശ്വര്യവും, ക്ഷേമവും ലാഭവും സന്തോഷവും നല്കുവാനായി വന്നത്. ആരാണാ വ്യക്തി? അവനെ തഥാഗതൻ അല്ലെങ്കിൽ അർഹതൻ, അല്ലെങ്കിൽ മുഴുവനായി ജ്ഞാനം സിദ്ധിച്ചവൻ എന്നീ പേരിൽ അറിയപ്പെടും. അവനാണ് ആ ഒരുവൻ.

ഭിക്ഷുക്കളെ, ഒരുവന്റെ അവതാരം ഈ ലോകത്തിൽ സാധാരണയായിക്കാണുവാൻ പ്രയാസമാണ്. ആരാണാ വിശേഷപ്പെട്ട വ്യക്തി? അവനെ തഥാഗതൻ അല്ലെങ്കിൽ അർഹതൻ, അല്ലെങ്കിൽ മുഴുവനായി ജ്ഞാനം സിദ്ധിച്ചവൻ എന്നെല്ലാം പേരിൽ അറിയപ്പെടും. അവനാണ് ആ ഒരുവൻ.

ഭിക്ഷുക്കളെ, ആ വിശിഷ്ടനായ വ്യക്തിയെ ഈ ലോകത്തിൽ കാണുവാൻ വളരെ വിഷമമാണ്. ആരാണാ വ്യക്തി? അയാളെ തഥാഗതൻ അല്ലെങ്കിൽ അർഹതൻ, അല്ലെങ്കിൽ മുഴുവനായി ജ്ഞാനം സിദ്ധിച്ചവൻ എന്നീ പേരിൽ അറിയപ്പെടും. അവനാണ് ആ ഒരുവൻ.

ഭിക്ഷുക്കളെ, ഒരു വ്യക്തിയുടെ മരണം എല്ലാവരെയും ഒരുപോലെ ദുഃഖിപ്പിക്കും. ആരാണാ വിശിഷ്ടവ്യക്തിത്വം? ആ മഹാനെ തഥാഗതൻ അല്ലെങ്കിൽ അർഹതൻ, അല്ലെങ്കിൽ മുഴുവനായി ജ്ഞാനം സിദ്ധിച്ചവൻ എന്നീ പേരിൽ അറിയപ്പെടും. അവനാണ് ആ ഒരുവൻ.

ഭിക്ഷുക്കളെ, ഒരു വ്യക്തിയുടെ ജനനത്തിന് സമാനമായും താരതമ്യം ചെയ്യാവുന്ന രീതിയിലും ഈ ലോകത്തിൽ ഒന്നും തന്നെയില്ല. ആരാണ് ആ വിശിഷ്ട ജന്മം? ആ ജന്മത്തെ ഒരു തഥാഗതൻ അല്ലെങ്കിൽ അർഹതൻ, അല്ലെങ്കിൽ മുഴുവനായി ജ്ഞാനം സിദ്ധിച്ചവന്റെ ജന്മമായി പുകഴ്ത്തപ്പെടും. അവനാണ് ആ ഒരുവൻ.

ഭിക്ഷുക്കളെ, ഒരു മനുഷ്യന്റെ പ്രത്യക്ഷഭാവം ഒരു വലിയ പ്രകാശമായും, ഒരു വലിയ നേത്രമായും, ഒരു ജ്യോതിസ്സായും കാണപ്പെടും. ആരാണാ ശ്രേഷ്ഠൻ? അവനെ ഒരു തഥാഗതൻ അല്ലെങ്കിൽ അർഹതൻ, അല്ലെങ്കിൽ മുഴുവനായി ജ്ഞാനം സിദ്ധിച്ചവൻ എന്നെല്ലാം പേരിൽ അറിയപ്പെടും. അവനാണ് ആ ഒരുവൻ.